**സബ്മിഷൻ**

(1) സൈബർ ഇടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകൾ

ശ്രീ. അൻവർ സാദത്ത്: സർ, അന്വേഷണ ഏജൻസികൾ എന്ന വ്യാജേന സൈബർ ഇടങ്ങളിലൂടെ, അതായത് വാട്ട്സ്ആപ്പിലൂടെയും ഫോണിലൂടെയും വ്യക്തികളെ വിളിച്ച് ഭീഷണിപ്പെടുത്തുകയും പണം തട്ടുകയും ചെയ്യുന്ന സാഹചര്യം ഇന്ന് കേരളത്തിലും ഇന്ത്യയിലാകെയും നടക്കുന്നുണ്ട്. എന്റെ വീട്ടിലും അത്തരത്തിലുള്ള ഒരു അനുഭവമുണ്ടായി. എന്റെ മകളെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തുവെന്നും എത്രയും വേഗം അവർ ആവശ്യപ്പെടുന്ന പണം നൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് എന്റെ ഭാര്യയെ വിളിച്ചിരുന്നു. മകളെ അറസ്റ്റ് ചെയ്തുവെന്ന് കേട്ടപ്പോൾ ഭാര്യ പാനിക്കാകുകയും ഭയങ്കര പ്രയാസത്തോടെ അപ്പോൾ തന്നെ എന്നെ വിളിച്ച് പറയുകയും ചെയ്തു. ഞാൻ ഉടനെ മകളെ വിളിച്ച് അന്വേഷിച്ചപ്പോൾ അവൾ ക്ലാസിൽത്തന്നെയുണ്ടായിരുന്നു. ഒരുപക്ഷെ എന്റെ മകളുടെ ഫോൺ ആ സമയം സ്വിച്ച് ഓഫായിരുന്നെങ്കിൽ സ്വാഭാവികമായും ഞങ്ങൾ പാനിക്കാകുമായിരുന്നു. അപ്പോഴാണ് ഇത്തരത്തിലുള്ള തട്ടിപ്പിനെക്കുറിച്ചുള്ള

പല അനുഭവങ്ങളും പലരും വിളിച്ച് പറഞ്ഞത് ഓർമ്മ വന്നത്. ഞാൻ ഇക്കാര്യം അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും അതിനെതിരെ അന്വേഷണത്തിലേയ്ക്ക് പോകാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തു. എന്റെ ചോദ്യം, എന്റെ മകളുടെ പേരും ഭാര്യയുടെ ഫോൺ നമ്പറും എങ്ങനെയാണ് ഈ വിളിച്ചയാളുകൾക്ക് കിട്ടിയത്. ഇതിലൂടെ ഇവർ നമ്മുടെ സ്വകാര്യതയിലേക്കാണ് കയറുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾക്കെതിരെ ശാശ്വതമായ പരിഹാരം ആവശ്യമാണ്. ഇപ്പോൾ എന്റെ നാട്ടിൽത്തന്നെയുള്ള ഒരു വ്യക്തിയിൽനിന്നും 1.15 കോടി രൂപ തട്ടിയെടുത്തതിനെതിരെ ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. അന്ന് അദ്ദേഹത്തെ വെർച്വൽ അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞാണ് തുക തട്ടിയത്. അദ്ദേഹം ഇക്കാര്യം ആരോടും പറഞ്ഞിരുന്നില്ല. മൂന്നുനാല് ദിവസം കഴിഞ്ഞ് ഇദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ അസ്വാഭാവികമായൊരു മാറ്റമുണ്ടായതിനെത്തുടർന്ന് വീട്ടുകാർ ചോദിച്ചപ്പോഴാണ് കാര്യം മനസ്സിലായത്. ഇപ്പോൾ ആ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയെന്നാണ് അറിയാൻ സാധിച്ചത്. ആ കേസ്

എങ്ങുമെത്താത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അതുപോലെതന്നെ, എനിക്കൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, എന്റെ ഭാര്യയ്ക്ക് ഈ ഫോൺ കാൾ വന്ന അതേ ദിവസംതന്നെ എന്റെയൊരു കസിനും കാൾ വന്നിരുന്നു. ഫോൺ കാൾ വന്നതിനെത്തുടർന്ന് അദ്ദേഹം നേരെ തടിയിട്ടപറമ്പ് പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ നിങ്ങൾ അത്തരത്തിൽ വരുന്ന ഫോൺ കാളുകൾ എടുക്കേണ്ടെന്നും ഇതൊന്നും കാര്യമാക്കേണ്ടെന്നുംപറഞ്ഞ് അവിടത്തെ പോലീസുകാർ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി തിരിച്ചയയ്ക്കുന്ന ഒരു സാഹചര്യമാണുണ്ടായത്. ഒരു വ്യക്തി ആവലാതിയുമായി പോലീസ് സ്റ്റേഷനിലേക്ക് ചെല്ലുമ്പോൾ പോലീസുകാർ ഇത്തരത്തിലുള്ള സമീപനമല്ല സ്വീകരിക്കേണ്ടത്. ഞങ്ങൾ അത് അന്വേഷിക്കാം, അന്വേഷിച്ച് പ്രതിയെ കണ്ടെത്താം, പ്രതിയെ കണ്ടെത്തുന്നത് രണ്ടാമത്തെ കാര്യം, എന്ന് പറയുന്നതിന് പകരം പോലീസ് സ്റ്റേഷനിലേയ്ക്കെത്തുന്ന പരാതിക്കാരോട് പോലീസ് ഇങ്ങനെ ഇടപെടുന്നത് ശരിയായ പ്രവണതയല്ല. അതുകൊണ്ട് സൈബർ ഇടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകളിൽ ഏർപ്പെടുന്നവരെ

നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് സർക്കാർ എത്രയുംവേഗം പരിഹാരം കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പം സൈബർ കുറ്റകൃത്യങ്ങളും അനുദിനം വർദ്ധിച്ചുവരികയാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് സൈബർ പോലീസ് ഡിവിഷൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതോടൊപ്പം എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് പരാതി രജിസ്റ്റർ ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന ടോൾഫ്രീ നമ്പരും www.cibercrime.gov.in എന്ന വെബ്സൈറ്റും സജ്ജമാക്കിയിട്ടുണ്ട്. ഇത്തരം തട്ടിപ്പ് നടത്തിയ 30000-ത്തിലേറെ ബാങ്ക് അക്കൗണ്ടുകൾ ഇതിനകം ബ്ലോക്ക് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പിനുപയോഗിച്ച മൊബൈൽഫോണുകൾ ഉൾപ്പെടെയുള്ളവ പ്രവർത്തനരഹിതമാക്കിയും പ്രതികളെ അറസ്റ്റുചെയ്തും കർശനനിയമനടപടികൾ സ്വീകരിച്ചുവരുന്നു. സൈബർ സാമ്പത്തിക

തട്ടിപ്പിനെതിരെ ജാഗ്രത പുലർത്തുന്നതിന് സോഷ്യൽ മീഡിയാപേജുകൾ വഴി പോലീസ് വ്യാപകമായ ബോധവത്കരണം നടത്തിവരുന്നുണ്ട്. സൈബർ സാമ്പത്തികതട്ടിപ്പുകൾ തടയുന്നതിന് സമഗ്ര സൈബർ സുരക്ഷിത 'ഫിൻ ഇക്കോ സിസ്റ്റം' ഉറപ്പുവരുത്തേണ്ടതുള്ളതിനാൽ ഇതിനായി കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും സംയുക്ത ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) <u>സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണമുറകൾ അവസാനിപ്പിക്കൽ</u>

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, കഴിഞ്ഞമാസം 9-ാം തീയതി കൊച്ചി മട്ടാഞ്ചേരിയിൽ മൂന്നരവയസ്സുള്ള ഒരു പ്ലേസ്കൂൾ വിദ്യാർഥിയെ ചോദ്യം ചോദിച്ചപ്പോൾ ഉത്തരം പറഞ്ഞില്ലെന്ന കാരണത്താൽ അധ്യാപിക തല്ലിച്ചതച്ച സംഭവമുണ്ടായി. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ടുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ഇടപെടൽ ഏറെ ആശ്വാസമായി. തുടർന്ന് അധ്യാപികയെ പോലീസ് അറസ്റ്റുചെയ്ത് കേസെടുക്കുകയും നോട്ടീസയച്ച് സ്കൂൾ മാനേജ്മെന്റിനോട് വിശദീകരണവും ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് മാനേജ്മെന്റ് അധ്യാപികയെ ജോലിയിൽനിന്നും പിരിച്ചുവിട്ടതായും അറിയാൻകഴിഞ്ഞു.

കഴിഞ്ഞദിവസം തൃശ്ശൂരിലെ കുരിയച്ചിറയിൽ ഇതുപോലൊരു സംഭവം ആവർത്തിച്ചതായി മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം സംഭവവികാസങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കർശനനടപടികൾ ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇന്ന് കേരളത്തിൽ നാമെല്ലാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. മാധ്യമങ്ങളിലൂടെ അറിഞ്ഞ കാര്യം മാത്രമാണ് നാമിന്നിവിടെ ചർച്ച ചെയ്തത്. രണ്ട് സംഭവങ്ങളാണിവിടെ സൂചിപ്പിച്ചത്. ഒന്ന്, മൂന്നര വയസ്സുകാരനായ ഒരു പ്ലേസ്കൂൾ വിദ്യാർഥിക്കേറ്റ അതിക്രൂരമായ മർദ്ദനം, അത് പത്രങ്ങളിലൊക്കെ ചിത്രമടക്കം പുറത്തുവന്നതാണ്. അതുപോലെ തൃശ്ശൂരിൽ കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ സ്കൂളിലെ കുട്ടിയെ വളരെ ഭീകരമായി തല്ലിച്ചതച്ച സംഭവം ഉണ്ടായിരിക്കുകയാണ്. കേരളത്തിൽ ഇന്ന് ആർക്കും എവിടെ വേണമോ

വിദ്യാലയം ആരംഭിക്കാൻ കഴിയുന്നൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ലൈസൻസ് എടുക്കുന്നില്ല...

മി. സ്പീക്കർ: മിനിസ്റ്റർ, മറുപടി ടേബിൾ ചെയ്താൽ മതി.

ശ്രീ. വി. ശിവൻകുട്ടി: സർ, ഇത് സഭയൊന്ന് അറിഞ്ഞിരിക്കേണ്ട കാര്യമായതിനാൽ...

മി. സ്പീക്കർ: എല്ലാം സഭയിൽ അറിയേണ്ട വിഷയമാണ്.... എന്നാൽ ഇന്ന് ചർച്ച നടക്കില്ല... അതാണ് പ്രശ്നം.

ശ്രീ. വി. ശിവൻകുട്ടി: സർ, രണ്ടു മിനിട്ട്...

മി. സ്പീക്കർ: രണ്ട് മിനിട്ടൊന്നും തരാൻ പറ്റില്ല; പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കണം.... പ്ലീസ്...

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ സൂചിപ്പിച്ചത്, ലൈസൻസില്ലാതെ ധാരാളം വിദ്യാലയങ്ങൾ കേരളത്തിൽ ആരംഭിക്കുകയാണ്. സിലബസ് നിശ്ചയിക്കുന്നതും പരീക്ഷ നടത്തുന്നതും അധ്യാപകരുടെ ക്വാളിഫിക്കേഷൻ നിശ്ചയിക്കുന്നതും ഫീസ് നിശ്ചയിക്കുന്നതുമെല്ലാം അവർ തന്നെയാണ്. ഇവിടെ മെഡിക്കൽ വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും നഴ്സിംഗ്

വിദ്യാർഥികൾക്കുമെല്ലാം ഏകീകരിച്ച ഫീസുണ്ട്. കേരളത്തിൽ കേരളാ എഡ്യൂക്കേഷൻ ആക്ട് ആന്റ് റൂൾസ് ഉണ്ട് . 1966-ലെ സെക്ഷൻ 3-ൽ 3(b)&(c) യിലും വിദ്യാഭ്യാസ അവകാശ നിയമം RTE-ൽ Recognition of schools for the purpose section -18-ലും കൃത്യമായി ഗവൺമെന്റിന്റെ അനുവാദം വേണമെന്ന് പറയുന്നുണ്ട്. Kerala Education Act & Rules-ൽ 1958-ൽ Opening and Recognition of Schools അധ്യായം 5 റൂൾ 3-ൽ ഇത് വ്യക്തമായി പറയുകയാണ്.

നമ്മുടെ നാട്ടിൽ ഒരു മുറുക്കാൻ കട തുടങ്ങണമെങ്കിൽ പഞ്ചായത്തിൽനിന്നോ കോർപ്പറേഷനിൽനിന്നോ ലൈസൻസ് വാങ്ങേണ്ടിയിരിക്കുന്ന സാഹചര്യത്തിൽ, ഇന്ത്യയിൽ മുന്തിയസ്ഥാനമുള്ള കേരളത്തിൽ വിദ്യാഭ്യാസരംഗത്തും പൊതുവിദ്യാഭ്യാസരംഗത്തും ഈ വിദ്യാഭ്യാസകച്ചവടം ഒരു കാരണവശാലും അനുവദിച്ചുകൊടുക്കാൻ പാടില്ലെന്നുള്ള കാര്യമാണ് സൂചിപ്പിക്കുന്നത്. ഒന്നുരണ്ട് ഉദാഹരണങ്ങൾ കൂടി പറഞ്ഞ് ഞാൻ നിർത്താം. ഒരു സ്കൂൾ ഡൊണേഷനായി എൽ.കെ.ജി. പ്രവേശനത്തിന് 25000 രൂപയും യു.കെ.ജി. പ്രവേശനത്തിന് 50000 രൂപയും

ഒന്നാം ക്ലാസിൽ അഡ്മിഷനുവേണ്ടി 2 ലക്ഷംരൂപയുമാണ് വാങ്ങുന്നത്. അതുപോലെ ഫീസിനത്തിൽ വിവിധ ക്ലാസുകളിലായി വാങ്ങുന്നത് 50000 രൂപ മുതൽ 75000 രൂപവരെയാണ്. അവർ തന്നെയാണ് എല്ലാ കാര്യങ്ങളും നിശ്ചയിക്കുന്നത്. ഞാൻ പത്തോളം സ്കൂളുകളുടെ ഫീസിന്റെ ഘടനയെടുത്തപ്പോൾ, ഓരോ മൂന്നുമാസത്തേയ്ക്ക് ഏതാണ്ട് 50000 രൂപയാണ് പലയിനങ്ങളിലായി അവർ ഫീസിനത്തിൽ വാങ്ങുന്നത്. അത് കൊടുക്കാൻ രക്ഷകർത്താക്കൾ നിർബന്ധിക്കപ്പെടുകയാണ്. ഇത് നമുക്ക് ഒരു കാരണവശാലും അനുവദിക്കുന്നതിന് കഴിയില്ല. ഈ രണ്ട് സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡയറക്ടറോട് ഇത്തരത്തിൽ ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും അനുവാദമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ലിസ്റ്റ് അടിയന്തരമായി ശേഖരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. ജെ. മാക്സി ഇവിടെ സൂചിപ്പിച്ചതുപോലെ, വിദ്യാഭ്യാസ വകുപ്പ് പറയുന്ന നിലയിലുള്ള സിലബസും അധ്യാപകരുടെ ക്വാളിഫിക്കേഷനും പരീക്ഷാരീതികളും അവലംബിച്ചില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളെ തുറന്നുപ്രവർത്തിക്കാൻ

അനുവദിക്കുന്ന പ്രശ്നമേയില്ലെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു മാസക്കാലംകൊണ്ട് ഇതുസംബന്ധിച്ച റിപ്പോർട്ട് സ്വീകരിച്ചശേഷം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, രേഖാമൂലം 5 ലക്ഷംരൂപയും 2 ലക്ഷംരൂപയും 3 ലക്ഷംരൂപയുമെല്ലാം കോഴവാങ്ങിയ വിദ്യാലയങ്ങൾക്ക് നോട്ടീസ് കൊടുക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും പിന്തുണയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിദ്യാഭ്യാസ കച്ചവടം കേരളത്തിൽനിന്നും എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(3) കടമ്പാട്ടുകോണം-മധുര ദേശീയപാത-സ്ഥലം ഏറ്റെടുക്കൽ

ശ്രീ. പി. എസ്. സുപാൽ: സർ, എൻ.എച്ച്. 744 കടമ്പാട്ടുകോണം-മധുര ദേശീയപാതാ പദ്ധതിക്കായി ഭൂമിയേറ്റെടുക്കുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഭൂവുടമകളുടെയും യോഗത്തിൽ എൻ.എച്ച്. -66-ന്

ബാധകമായിട്ടുള്ള അതേ നഷ്ടപരിഹാരപാക്കേജ് നൽകുമെന്നാണ് ദേശീയപാതാ അതോറിറ്റി അധികാരികൾ വ്യക്തമാക്കിയത്. പ്രധാന പാതയോട് നിശ്ചിത അകലത്തിൽ സ്ഥിതിചെയ്യുന്ന നിലത്തിനും മതിയായ വില നൽകുമെന്നാണ് ആ ഘട്ടത്തിൽ അറിയിച്ചിരുന്നത്. ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് 31-03-2023-ൽ 3 ഡി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ദേശീയപാതാ നിയമത്തിലെ സെക്ഷൻ 3 ജി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയുണ്ടായി. സ്ഥമേറ്റെടുപ്പിന്റെ തുടർനടപടികൾ പൂർത്തീകരിക്കുവാൻ ദേശീയപാതാ അതോറിറ്റിക്ക് കഴിയാതെ വന്നതിനാലാണ് വിജ്ഞാപനം റദ്ദാകുന്ന സാഹചര്യമുണ്ടായത്. ഇപ്പോൾ എൻ.എച്ച്.-66, എൻ.എച്ച്.-966 എന്നിവയൊഴികെയുള്ള എല്ലാ ദേശീയപാതാ പദ്ധതികൾക്കും കാലപ്പഴക്കത്തിനനുസൃതമായി വിലകുറയ്ക്കുമെന്നുള്ള ഒരു നിർദ്ദേശമാണ് വന്നിട്ടുള്ളത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 744- നായി സ്ഥലം നൽകിയ ഭൂവുടമകൾക്ക് വലിയ ആശങ്കയുള്ളതിനാൽ ദേശീയപാതാ നിയമത്തിലെ സെക്ഷൻ 3 ജി പ്രകാരം നടപടികളാരംഭിച്ചിട്ടുള്ള

എൻ.എച്ച്. 744 പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് എൻ.എച്ച്. 66-നും എൻ.എച്ച്.-966-നും സ്വീകരിച്ചിട്ടുള്ള അതേ മാനദണ്ഡം കൈക്കൊള്ളുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്ക് വലിയ ആശങ്കയുള്ളതിനാൽ ജനപ്രതിനിധികളുടെയും ഭൂവുടമാപ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും ഒരു യോഗം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുചേർത്ത് ഈ ആശങ്ക ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. കൊല്ലം- ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേയുടെ (എൻ.എച്ച്-744) ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾ/നിർമ്മിതികൾ നഷ്ടപ്പെടുന്നവർക്ക് കാലപ്പഴക്കം കുറയ്ക്കാതെ നഷ്ടപരിഹാരം അനുവദിക്കണമെന്ന ജനങ്ങളുടെ ഗൗവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിക്കപ്പെട്ടത്. കൊല്ലം-ചെങ്കോട്ട

(എൻ.എച്ച്-744)-ന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ നാവായിക്കുളം, പള്ളിക്കൽ, കുടവൂർ, മടവൂർ എന്നീ വില്ലേജുകളിൽനിന്നും 9.86 കിലോമീറ്റർ ദൂരത്തിൽ 44 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 എ വിജ്ഞാപനം 29-9-2022-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 31-03-2023-ന് 3 ഡി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ഭൂഉടമകളിൽനിന്ന് 3 ജി നടപടിക്രമപ്രകാരം രേഖകൾ ലഭ്യമാക്കി ബന്ധപ്പെട്ട പൊന്നുംവില ഓഫീസിൽ സൂക്ഷിക്കുകയും നഷ്ടപരിഹാരത്തുകയുടെ ഫണ്ടനുവദിക്കുന്നതിനായി ദേശീയപാത അധികാരികൾക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്. ഇവിടെ നഷ്ടപരിഹാരം കണക്കാക്കിയത് നിർമ്മിതികളുടെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ എൻ.എച്ച്- 66-നും എൻ.എച്ച്- 966-നും നിർമ്മിതികളുടെ കാലപ്പഴക്കം പരിഗണിക്കാതെ നഷ്ടപരിഹാരം നൽകിയതുപോലെ ഇവിടെയും നൽകണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. ദേശീയപാതയ്ക്ക് ഭൂമിയേറ്റെടുക്കുമ്പോൾ നിർമ്മിതികളുടെ വില കണക്കാക്കുന്നതിന് കാലപ്പഴക്കം കണക്കാക്കമെന്ന് കേന്ദ്രറോഡ് ഗതാഗത മന്ത്രാലയത്തിന്റെ 2018-ലെ ലാൻഡ്

അക്വിസിഷൻ മാന്വലിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം എൻ.എച്ച്.-66, എൻ.എച്ച്- 966 എന്നിവയ്ക്കായി ഭൂമിയേറ്റെടുത്തപ്പോൾ പ്രസ്തുത വ്യവസ്ഥയിൽ ദേശീയപാത അതോറിറ്റി ഇളവനുവദിച്ചു. എന്നാൽ ഇത്തരം ഇളവ് മറ്റ് പദ്ധതികൾക്ക് അനുവദിക്കാനാകില്ലെന്ന് 19-02-2024 -ൽ ദേശീയപാത അതോറിറ്റി സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2018-ലെ ലാൻഡ് അക്വിസിഷൻ മാന്വലിൽ പറയുന്നപ്രകാരം കാലപ്പഴക്കം കണക്കാക്കിയാണ് നഷ്ടപരിഹാരം നൽകേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ട് 06-04-2024-ലെ 445/2024/ പി.ഡബ്ല്യൂ.ഡി. എന്ന ഉത്തരവും പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മിതികളുടെ കാലപ്പഴക്കം കണക്കാക്കാതെ ഭൂമി ഏറ്റെടുക്കണമെന്ന പ്രശ്നം വളരെ ഗൗരവമാണ്. ഈ പ്രശ്നത്തിൽ ഈ വിധത്തിൽ ഭൂമി ഏറ്റെടുക്കാൻ ദേശീയപാത അതോറിറ്റിയുടെ അനുവാദമാവശ്യമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം, പ്രാദേശികമായ ജനങ്ങളുടെ തികച്ചും അർഹമായ/ഗൗരവപ്പെട്ട പ്രശ്നമായി തന്നെയാണ് സർക്കാർ കാണുന്നത്. ദേശീയപാത അതോറിറ്റിയുടെ ഉന്നത

ഉദ്യോഗസ്ഥന്മാരെയും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ-പൊതുമരാമത്ത് ഉദ്യോഗസ്ഥന്മാരുടെയും ബഹുമാനപ്പെട്ട അംഗത്തെയും പങ്കാളിയാക്കിക്കൊണ്ട് ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുകയും ഇക്കാര്യത്തിൽ സർക്കാരിന് ചെയ്യാൻ സാധിക്കുന്ന എല്ലാവിധത്തിലുമുള്ള സഹായകരമായ നിലപാടുകളും സർക്കാർ എടുക്കുകയും ചെയ്യുമെന്ന് അറിയിക്കുകയാണ്.

(4) <u>രാജമാണിക്കം കമ്മീഷൻ റിപ്പോർട്ട്</u>

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഇടുക്കി ജില്ലയിൽ പതിറ്റാണ്ടുകളായി ജനങ്ങൾ കൈവശംവച്ച് താമസിച്ചുവരുന്ന ഭൂമിയ്ക്ക് വില്ലേജിൽ കരം ഒടുക്കിയും പ്രസ്തുത ഭൂമിയിൽ പണിത കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ കെട്ടിട നികുതി അടച്ചും വരുന്നവർക്ക് ദോഷകരമാകുന്ന വിധത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമിച്ച രാജമാണിക്കം സമർപ്പിച്ച റിപ്പോർട്ടുമായി ബന്ധപ്പെട്ട് 06-06-2019-ലെ റവന്യൂ(എ) വകുപ്പിന്റെ ഉത്തരവുപ്രകാരം വില്ലേജിൽ കരം ഒടുക്കുവാൻ ചെല്ലുമ്പോൾ കരം ഒടുക്കിയ രസീതിൽ കേരള ലാൻഡ് ടാക്സ്പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ

ചെയ്യുന്ന സിവിൽകേസിലെ വിധിക്ക് വിധേയമെന്നാണ് എഴുതിക്കൊടുക്കുന്നത്. ഇക്കാരണത്താൽ ഭൂഉടമകൾക്ക് നിലവിൽ താമസിക്കുന്ന വീട് പുതുക്കിപ്പണിയാനോ പുതിയതായി നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിക്കാനോ ബാങ്കുലോണിന് അപേക്ഷിക്കാനോ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പതിറ്റാണ്ടുകൾക്കുമുമ്പ് പലരുടെയും കയ്യിൽനിന്നും ഭൂമി വാങ്ങി അന്നുമുതൽ കരം അടയ്ക്കുന്നവർക്ക് തോട്ടം ഭൂമിയാണെന്ന് ഇപ്പോൾ പറയുന്നത് നീതിനിഷേധമാണ്. രാജമാണിക്കം റിപ്പോർട്ട് ചൂണ്ടിക്കാണിച്ച് പീരുമേട് മണ്ഡലത്തിൽ ഉപ്പുതറ വില്ലേജിൽ ഭൂഉടമകൾക്ക് കരം ഒടുക്കുവാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളതെന്ന് പഞ്ചായത്ത് പ്രസിഡന്റ് പരാതി അറിയിച്ചിരിക്കുകയാണ്. ആയതിനാൽ 10-15 സെന്റ് സ്ഥലം കൈവശംവച്ചുവരുന്ന ഭൂഉടമകളെ ഈ ഉത്തരവിൽനിന്നും ഒഴിവാക്കുവാൻ വേണ്ടനടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ ഇതുസംബന്ധിച്ച് തോട്ടം ഉടമകളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്ത എല്ലാ കേസുകളും ബഹുമാനപ്പെട്ട

സുപ്രീംകോടതി തള്ളിക്കളഞ്ഞതായി പറയുന്നു. ഉടമസ്ഥാവകാശം സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ തോട്ടങ്ങളുടെ സുഗമമായ നടത്തിപ്പിന് ബാങ്കുവായ്പ എടുക്കുന്നതിനും മറ്റും സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ തോട്ടങ്ങളിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളി കുടുംബങ്ങളെയാണ് ഇത് ബാധിക്കുന്നത്. ആയതിനാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമിച്ച രാജമാണിക്കം കമ്മീഷൻ റിപ്പോർട്ട് എൽ.ഡി.എഫ്. സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് സദയം വ്യക്തമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പിനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയും സ്വത്തുകളും സ്വാതന്ത്ര്യാനന്തരം ഭാരത സർക്കാരിന്റെ ഉടമസ്ഥതയിൽ വന്നുചേർന്നു. ഇതാണ് നിലവിലുള്ള നിയമം. കേരളത്തിൽ വിദേശകമ്പനികൾക്ക് രാജാക്കന്മാരിൽനിന്ന് പാട്ടത്തിനുമറ്റും ലഭിച്ചിട്ടുള്ള ഇത്തരം ഭൂമികൾ സ്വാതന്ത്ര്യാനന്തരം നിയമവിരുദ്ധമായി ഇന്ത്യൻ കമ്പനികളിലേയ്ക്ക് കൈമാറിയതായി കണ്ടെത്തിയിരുന്നു. അത്തരത്തിലുള്ള ഭൂമി

ഏറ്റെടുക്കുന്നതിനായി ശ്രീ.എം.ജി. രാജമാണിക്കം ഐ.എ.എസ്.-നെ 30-12-2015-ൽ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയുണ്ടായി. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ നടപടികൾക്കെതിരെ ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് ചില കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് സിവിൽ കേസ് ഫയൽ ചെയ്ത് ഉടമസ്ഥത തെളിയിക്കാതെ സർക്കാർ കെ.എൽ.സി. ആക്റ്റുപ്രകാരം നടപടി സ്വീകരിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 11-04-2018-ൽ ഉത്തരവായി. ഈ വാദം ഉന്നയിച്ചുകൊണ്ട് പീരുമേട് ടീ കമ്പനിയും മറ്റും ഫയൽ ചെയ്ത കേസിലും ഹൈക്കോടതി ഇതേ നിലപാടാണ് സ്വീകരിച്ചത്. മേൽപ്പറഞ്ഞ വിധികൾക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും പ്രസ്തുത കേസ് തള്ളുകയാണ് ചെയ്തത്. ഇതിനെത്തുടർന്ന് ഇത്തരം ഭൂമിയിൽ സർക്കാരിനുവേണ്ടി ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് 06-06-2019-ലെ GO(MS) 172/2013 റവന്യൂ. എന്ന ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം ജില്ലാ കളക്ടർമാർ ഫയൽ ചെയ്ത കേസുകൾ വിവിധ

കോടതികളിൽ പരിഗണനനയിൽ നിൽക്കുകയാണ്. പുതിയ കേസുകൾ ഫയൽ ചെയ്തുവരികയും ചെയ്യുകയാണ്. ഇത്തരം കേസുകളിലുൾപ്പെട്ട ഭൂമിയുടെ ലാൻഡ് ടാക്സ് സ്വീകരിക്കുമ്പോൾ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്ത സിവിൽ കേസിലെ വിധിക്ക് വിധേയം എന്നുപറഞ്ഞ് കരമടവ് രസീതിൽ രേഖപ്പെടുത്തണമെന്ന് മേൽപ്പറഞ്ഞ 06-06-2019-ലെ GO(MS)179/2019 റവന്യൂ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. സർക്കാർ ഫയൽ ചെയ്ത കേസുകളിൽപ്പെട്ട ഭൂമി കൈമാറ്റം ചെയ്യരുതെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. വൻകിട കമ്പനികളിൽനിന്ന് ഭൂമി വാങ്ങിയ ചെറുകിട-ഇടത്തരം കൈവശക്കാർ മേൽപ്പറഞ്ഞ വ്യവസ്ഥ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ചില കേസുകളിൽ പരാതിക്കാർക്ക് അനുകൂലമായ വിധിയും ലഭ്യമായിട്ടുണ്ട്. കേസിൽപ്പെട്ട ഭൂമി യഥേഷ്ടം കൈമാറിയാൽ സാധാരണക്കാരായവർ ഇനിയും കബളിപ്പിക്കപ്പെടും എന്നുള്ളതുകൊണ്ടാണ് കരമടച്ചരസീതിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ മാറ്റേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അനധികൃതമായി ഭൂമി

കൈമാറ്റം ഒരു പരിധിവരെ ഇതിലൂടെ തടയാനും കഴിയുന്നുണ്ട്. ഭൂനികുതി സ്വീകരിക്കുന്നതും പോക്കുവരവ് ചെയ്യുന്നതും ഭൂമിയുടെ നികുതി അടയ്ക്കുന്നതിനുവേണ്ടി മാത്രമാണെന്നും അത്തരത്തിൽ നികുതി വാങ്ങുന്നതുകൊണ്ടുമാത്രം ഭൂമിയുടെ ഉടമസ്ഥത നേടാനാവില്ലെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി നിരവധി കേസുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യങ്ങളുണ്ട് എന്നതുകൊണ്ടുതന്നെ സർക്കാർ ഫയൽ ചെയ്ത കേസുകളിൽപ്പെട്ട ഭൂമിക്ക് വ്യവസ്ഥകളില്ലാതെ കരം സ്വീകരിച്ചാൽ അത് കേസിനെ ദോഷകരമായി ബാധിക്കുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഈ വിഷയത്തിൽ ആവശ്യമായ നിയമോപദേശം ലഭിച്ചശേഷം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പരിഹരിക്കാവുന്നതാണോയെന്ന് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ചെറുകിട ഭൂവുടമസ്ഥരെയെങ്കിലും ഒഴിവാക്കുന്ന കാര്യം നിയമപരമായി പരിശോധിച്ചുവരികയാണ്.

## (5) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കടൽപ്പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിലെ കടപ്പുറം, പുന്നയൂർ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകളിൽ കടൽപ്പുറമ്പോക്കിലും കടലിറങ്ങിപ്പോയ അൺസർവേയ്ഡ് ലാൻഡിലുമായി അറുന്നൂറിലധികം കുടുംബങ്ങൾ വീടുവെച്ച് താമസിച്ചുവരുകയാണ്. ഈ പ്രദേശത്ത് ഇവർ താമസം തുടങ്ങിയിട്ട് വർഷങ്ങളായി. പ്രസ്തുത പ്രദേശത്തേയ്ക്ക് റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാണെങ്കിലും പട്ടയം ലഭിക്കാത്തതുമൂലം സർക്കാരിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ ലഭിക്കേണ്ട വ്യക്തിഗത ആനുകൂല്യങ്ങളൊന്നും ഈ പാവങ്ങൾക്ക് ലഭിക്കുന്നില്ല. നവകേരള സദസ്സിൽ ഏറ്റവും കൂടുതൽ അപേക്ഷ ഇവരുടെ പട്ടയപ്രശ്നവുമായി ബന്ധപ്പെട്ടാണ് വന്നത്. പാവപ്പെട്ടവരായ ധാരാളം മത്സ്യത്തൊഴിലാളികളാണ് ഈ പ്രദേശത്ത് താമസിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് വ്യക്തിപരമായി അറിയാവുന്നതാണ് ഇക്കാര്യങ്ങളെല്ലാം. വീടിന്റെ അറ്റകുറ്റപ്പണികൾപോലും നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്പോൾ

തീരദേശഹൈവെ ആ ഭാഗത്തുകൂടിയാണ് കടന്നുപോകുന്നതെന്നതുകൊണ്ട് നഷ്ടപരിഹാരാനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിലും പട്ടയമില്ലാത്തതുകൊണ്ട് ചെറിയ തുക മാത്രമെ ലഭിക്കുന്ന സാധ്യതയുള്ളൂ. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഇവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിലായി അൺസർവേയ്ഡ് പുറമ്പോക്കിൽ താമസിക്കുന്നവരുമായി ബന്ധപ്പെട്ട് വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇത്തരം കടൽപുറമ്പോക്കിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പ്രത്യേക പദ്ധതിതന്നെ റവന്യൂ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഞാൻ ഉൾപ്പെടുന്ന ജില്ലയാണ് തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക് എന്നതുകൊണ്ടും അൺസർവേയ്ഡ് ലാൻഡിലെ താമസക്കാരാവർക്ക് ഭൂമിയുടെ ഉടമസ്ഥത രേഖപ്പെടുത്താൻ എങ്ങനെ സാധിക്കുമെന്ന പ്രശ്നം സർക്കാർ ദീർഘകാലമായി

പരിശോധിച്ചുവരുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ കേരള സർക്കാർ ഭൂപതിവ് പതിച്ചുനൽകൽ ആക്റ്റ് 1960-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് 1964-ലെ കേരള ഭൂപതിവ് പതിച്ചുനൽകൽ ചട്ടങ്ങൾപ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്കായി 1995-ലെ ചട്ടപ്രകാരവുമാണ് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത ചട്ടങ്ങൾപ്രകാരം കടൽ, കനാൽ, തോട്, റോഡ് മുതലായവയുടെ പുറമ്പോക്കുകളും അവയോട് ചേർന്നുകിടക്കുന്ന മറ്റ് പുറമ്പോക്കുകളും പതിച്ചുനൽകുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്. തുറമുഖപരിധിക്കുള്ളിലെ സ്ഥലങ്ങൾ, ജല പാതകളുടെ വശങ്ങളിൽനിന്നും 3.017 മീറ്ററിനുള്ളിലുള്ള സ്ഥലങ്ങൾ, തടങ്ങളില്ലാത്ത ജലസേചന പാതകളിൽനിന്ന് 20.117 മീറ്ററിനുള്ളിലുള്ള സ്ഥലങ്ങൾ, അപ്രധാന ജലസേചന മാർഗങ്ങളിൽനിന്ന് നാല് മീറ്ററിനുള്ളിലുള്ള സ്ഥലങ്ങൾ, തടങ്ങളുള്ള ജലസേചന മാർഗങ്ങളുടെ 3.017 മീറ്ററിനുള്ളിലുള്ള സ്ഥലങ്ങൾ, കടൽത്തിരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽനിന്നും 30.480 മീറ്ററിനുള്ളിലുള്ള സ്ഥലങ്ങൾ എന്നിവ 1964-ലെ ചട്ടപ്രകാരം 11(2)(5)

പ്രകാരവും 1995-ലെ ചട്ടത്തിലെ 6(2)(5) പ്രകാരവും പതിച്ചുനൽകാൻ പാടില്ലാത്തതാണ്. റവന്യൂ വകുപ്പ് അതിനെ കുറെക്കൂടി പോസിറ്റീവായി വായിക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ പറഞ്ഞാൽ മേൽപ്പറഞ്ഞ ദൂരപരിധിക്കുപുറത്തുള്ള പുറമ്പോക്കായി രേഖപ്പെടുത്തിയ സ്ഥലങ്ങൾ പതിച്ചുനൽകാവുന്നതാണെന്ന് കാണുകയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് കടൽ പുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. മേൽപ്പറഞ്ഞ ദൂരപരിധിക്ക് പുറത്തുള്ള സ്ഥലങ്ങൾ സർവേ ചെയ്ത് കടൽപുറമ്പോക്കുകൾ എന്ന വിഭാഗത്തിൽനിന്ന് ഒഴിവാക്കി അർഹരായവർക്ക് പതിച്ചുനൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം അനുഗ്രഹനഗർ, സെഞ്ച്വറിനഗർ എന്നിവിടങ്ങളിലെ കടൽപുറമ്പോക്കുകളിൽ താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളികളുടെ ദീർഘകാലമായുള്ള പട്ടയപ്രശ്നം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ കടൽപുറമ്പോക്കിൽ പതിറ്റാണ്ടുകളായി താമസിക്കുന്നവരുടെ പട്ടയപ്രശ്നം എന്നിവ പരിഹരിച്ച് ഇപ്പോൾ സർക്കാർ

ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ മാതൃക മറ്റ് കടൽപുറമ്പോക്കുകളിലും സ്വീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിൽ കടൽപുറമ്പോക്കുകളിൽ താമസിച്ചുവരുന്നവരുടെ കൈവശഭൂമികൾ പൂർണ്ണമായും സി.ആർ.ഇസഡ്. പരിധിയിലുൾപ്പെടുന്നവയാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സി.ആർ.ഇസഡ്. മേഖലയിൽപ്പെടുന്നതുകൊണ്ട് ഭൂമി പതിച്ചുനൽകുന്നതിന് നിയമ തടസമില്ല. എന്നാൽ ഇത്തരം സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുമ്പോൾ സി.ആർ.ഇസഡ്. നിബന്ധനകൾ ബാധകമാകുമെന്നതാണ് പ്രശ്നം. സി.ആർ.ഇസഡ്. മേഖലയിലെ നിർമ്മിതികൾക്ക് നിയന്ത്രണമേർപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ ഇപ്പോൾ ഇളവുകൾ വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ പ്രശ്നങ്ങളും ഒരു പരിധിവരെ പരിഹരിക്കാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിലെ അൺസർവേയ്ഡ് കടൽപുറമ്പോക്ക് 1961-ലെ കേരള സർവേ ആൻഡ് ബൗണ്ടറീസ് ആക്റ്റ് സെക്ഷൻ 3(4) പ്രകാരം സർവേ

ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷൻ ഇതിനകം നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പല ഘട്ടങ്ങളിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ തുടർനടപടികളും കാലതാമസംകൂടാതെ നടപ്പിലാക്കി ആവശ്യമായ പ്രതിവിധി നടത്തുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുകയാണ്.

(6) <u>ചെമ്പൻതൊട്ടിലിലെ ക്വാറികളുടെ പ്രവർത്തനം</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ശ്രീകണ്ഠപുരം നായനാർമലയിലും ഉളിക്കൽ, പടിയൂർ പഞ്ചായത്തുകളിലെ തേർമല കൈക്കുലിത്തട്ടിലും ഉൾപ്പെടെ മലയോരമേഖലയിൽ വർധിച്ചുവരുന്ന അനധികൃത നിയമവിരുദ്ധ ഖനനങ്ങൾ നടത്തുന്ന ക്വാറികളുടെ പ്രവർത്തനം തടയേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ. നായനാർമലയിലെ ക്വാറിയിൽ ശക്തമായ മഴയിൽ നീർച്ചാലുകൾ രൂപപ്പെട്ട് താഴ്‌വാരത്തെ വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും ടാറിങ് റോഡിന്റെ ഒരു ഭാഗമുൾപ്പെടെ ഒലിച്ചുപോകുകയും ഈ പ്രദേശത്ത് ആശങ്കാജനകമായ സ്ഥിതിയുണ്ടാകുകയും ചെയ്തിരിക്കുകയാണ്. ഇവിടെ

ശക്തമായ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന സാഹചര്യമാണ്. നിയമവിരുദ്ധമായ ഖനനമാണ് ഇവിടെ നടന്നുവരുന്നത്. മാനദണ്ഡങ്ങൾ പാലിക്കാതെ ഒറ്റനോട്ടത്തിൽത്തന്നെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ഖനനങ്ങളെ തടയേണ്ടതുണ്ട്. നൂറുകണക്കിന് വീടുകളും ആയിരക്കണക്കിന് ആളുകളും കൃഷിയും അപകടകരമായ സാഹചര്യത്തിലൂടെയാണ് പോകുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായ ജനകീയ പ്രക്ഷേപമാണ് അവിടെ നടക്കുന്നത്. ക്വാറിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചെങ്കിലും ശ്വാശ്വതമായി അതിന്റെ പ്രവർത്തനം നിർത്താലാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. നിയമപരമായി ഖനനം സമയാസമയം പരിശോധിക്കുകയോ നിയന്ത്രിക്കുകയൊ ചെയ്യാത്തതാണ് ഈ അപകട സാഹചര്യത്തിലേയ്ക്ക് പോയിട്ടുള്ളത്. ഇതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകണം. ഇത്തരം ക്വാറികളുടെ പ്രവർത്തനം പൂർണ്ണമായി തടഞ്ഞ് ജനങ്ങളുടെ ആശങ്ക അകറ്റണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ തേർമല കൈക്കുളിത്തട്ട് 2018-ലെ പ്രളയത്തിൽ സോയിൽപൈപ്പിങ് പ്രതിഭാസംമൂലം വ്യാപകമായ

നാശനഷ്ടമുണ്ടായ പ്രദേശമാണ്. ഇവിടെ അന്നത്തെ ജില്ലാ കളക്ടർ ചെങ്കൽ ഖനനം നിരോധിച്ചു. പക്ഷെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ഖനനം പാടില്ലെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതൊന്നും പരിഗണിക്കാതെ വീണ്ടും ജിയോളജിവകുപ്പ് ഖനനാനുമതി നൽകിയത് തികച്ചും നിയമവിരുദ്ധമാണ്. മുന്നൂറിലധികം കുടുംബങ്ങൾ അധിവസിക്കുന്ന ഈ പ്രദേശത്ത് കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി തുടർച്ചയായി സമരം നടക്കുകയാണ്. പക്ഷെ ഇവിടെ ഖനനം പൂർണ്ണമായി നിരോധിച്ചിട്ടില്ല. പാത്തൻപാറ പോലെയുള്ള നിരവധി സ്ഥലങ്ങളിലെ ക്വാറികളിൽ നിയമവിരുദ്ധമായ ഖനനംമൂലം ഭൂമി വിണ്ടുകീറുന്ന പ്രതിഭാസമുണ്ടായിരിക്കുകയാണ്. ഇവിടെയൊക്കെയുണ്ടാകുന്ന ദുരിതങ്ങളെ പ്രത്യേകം കാണാൻ സർക്കാർ തയ്യാറാകണം. അപകട സാഹചര്യമുള്ള ചെറിയ അരീക്കമല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ, ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലമായ പയ്യന്നൂരിലെ ചെറുപുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിയമവിരുദ്ധമായ ഖനനങ്ങൾക്കുള്ള നീക്കങ്ങൾ നടക്കുകയാണ്. ഇതൊക്കെ തടയേണ്ടതാണ്. ഗ്രാമസഭകളുടെയും

പ്രദേശവാസികളുടെയും അഭിപ്രായങ്ങൾ മാനിക്കണം. ഉരുൾപൊട്ടൽ ഭീഷണി വർദ്ധിച്ചുവരുന്ന സാഹചര്യങ്ങളിൽ പശ്ചിമഘട്ടമേഖലയിലെ ഖനനങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം നഗരസഭയിൽ ചെമ്പന്തൊട്ടിയിലെ നിയമവിരുദ്ധ ഖനനവും അപകടകരമായ ക്വാറികളുടെ പ്രവർത്തനവും തടയേണ്ടതിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. തളിപ്പറമ്പ് താലൂക്കിലെ നെടിയങ്ങ അംശം ദേശത്ത് റീ-സർവേ നമ്പർ 25/1എ-ലുൾപ്പെട്ട 8.2973 ഹെക്ടർ ഭൂമിയിൽ ഉൾപ്പെടുന്ന 3.6221 ഹെക്ടർ ഭൂമിയിൽ കരിങ്കല്ല് ഖനനം ചെയ്യുന്നതിന് എം. പ്രസാദ് മാനേജിങ് ഡയറക്ടറായ മുളയൻ ക്രഷേഴ്സ്, കൊക്കായി പി.ഒ., ചെമ്പന്തൊട്ടി, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ പേരിൽ ക്വാറിയിങ് ലൈസൻസ് 08-09-2017 മുതൽ 07-09-2029 വരെ അനുവദിച്ചിരുന്നതാണ്. പ്രസ്തുത ക്വാറിക്ക് കണ്ണൂർ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി 01-07-2017-ലെ

16/കെ.എൻ.ആർ./2016/ഡി.ഇ.ഐ.എ.എ. നമ്പർ പ്രകാരം പരിസ്ഥിതിക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. ആ പരിസ്ഥിതി അനുമതിക്ക് 03-06- 2022 വരെ കാലാവധിയുണ്ടായിരുന്നിട്ടും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്, ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ചിന്റെ 18-01-2021-ലെ എസ്.ഒ.221/ഇ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പാരിസ്ഥിതികാനുമതിയുടെ കാലവധി ഒരു വർഷത്തേയ്ക്കുകൂടി നീട്ടി 29-06-2023 വരെ മൂവ്മെന്റ് പെർമിറ്റും മിനറൽ ട്രാൻസിസ്റ്റ് പാസ്സുകളും അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത ക്വാറി നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നിർദേശപ്രകാരം ജില്ലാ ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ ടി ക്വാറിയിൽ അംഗീകരിച്ച മൈനിങ് പ്ലാനിന് വിരുദ്ധമായിട്ടാണ് ഖനനം നടക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ പ്രവൃത്തി 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസിലെ ചട്ടം 68(1)-ന്റെ ലംഘനമായതിനാൽ ചട്ടം 68(2) പ്രകാരം ജില്ലാ ജിയോളജിസ്റ്റ് പ്രസ്തുത ക്വാറിയിൽ ഖനനപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് ക്വാറി ഉടമയ്ക്ക് 24-

08-2024-ൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ സ്റ്റോപ് മെമ്മോ നൽകിയതാണ്. ഈ ക്വാറിക്ക് ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലും 31-08-2024 വരെ ക്വാറി പ്രവർത്തനം നിരോധിച്ച് സ്റ്റോപ് മെമ്മോ നൽകിയിരുന്നു. നിലവിൽ ഈ ക്വാറി പ്രവർത്തിക്കുന്നില്ല. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചെമ്പന്തൊട്ടി പ്രദേശത്ത് പാസ്ഥിതികാഘാതം ഉണ്ടാകത്തക്കവിധത്തിൽ നിയമവിരുദ്ധമായി മറ്റ് ഖനന പ്രവർത്തനങ്ങൾ നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുമില്ല. മേൽസൂചിപ്പിച്ച ഭൂമി സ്വകാര്യ ഭൂമിയാണെന്ന് തളിപ്പറമ്പ് തഹസീൽദാർ അറിയിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിലെ ക്വാറികൾക്ക് റവന്യൂ വകുപ്പിനുമേൽ കാര്യമായ നിയന്ത്രണാധികാരമില്ലാത്തതാണ്. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ പ്രശ്നം വളരെ ഗൗരവപ്പെട്ടതാണ്. ക്വാറിയുമായി ബന്ധപ്പെട്ട നടത്തിപ്പിൽ ഏതെങ്കിലും വിധത്തിലുള്ള പരിസരവാദികളുടെ പ്രശ്നമുണ്ടെങ്കിൽ അത് കൃത്യതയോടുകൂടി പരിശോധിക്കുകയെന്നുള്ളതാണ് ഏറ്റവും കരണീയമായ കാര്യം. ഇക്കാര്യത്തിലും പരാതിയുണ്ടായപ്പോൾ ജിയോളജിസ്റ്റ് നേരിട്ട് പരിശോധന നടത്തിയാണ് ചട്ടം 68(2) പ്രകാരം അതിനുള്ള നിരോധനം/സ്റ്റോപ് മെമ്മോ

നൽകുന്ന സ്ഥിതിയുണ്ടായിട്ടുള്ളത്. ഏതായാലും ജില്ലാ കളക്ടറോട് ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(7) വടകര കസ്റ്റംസ് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം

ശ്രീമതി കെ. കെ. രമ: സർ, വടകര മുനിസിപ്പാലിറ്റിയിലെ കസ്റ്റംസ് കടൽത്തീരത്തെ സംരക്ഷിച്ചുവന്നിരുന്ന ഏതാണ്ട് 50 വർഷത്തിലേറെ പഴക്കമുള്ള കടൽഭിത്തി പൂർണ്ണമായും നിലംപതിച്ചിരിക്കുകയാണ്. കടൽഭിത്തി തകർന്നതിനാൽ കാലാവസ്ഥാവ്യതിയാനവും അടിക്കടിയുണ്ടാകുന്ന കടലാക്രമണവും വേലിയേറ്റവുമെല്ലാം ഈ ഭാഗത്തെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. കടലാക്രമണവും വേലിയേറ്റവുമുണ്ടാകുന്ന സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ പാവപ്പെട്ട ആളുകളുടെ വീടുകളിൽ വെള്ളം കയറുന്നതിനാൽ അവർക്ക് അവിടെ താമസിക്കാൻ സാധിക്കാതെ ദുരിതമനുഭവിക്കുകയാണ്. ഓരോസമയത്തും വളരെയധികം ഭയത്തോടെ ജീവിക്കേണ്ട സാഹചര്യമാണ് അവിടത്തെ ആളുകൾക്കുള്ളത്. കുട്ടികളുടെ പാഠോപകരണങ്ങളും മറ്റവശ്യവസ്തുക്കളും നശിച്ചുപോവുകയും പല

തരത്തിലുള്ള അസുഖങ്ങൾ ബാധിക്കുകയും ചെയ്യുന്നതിലൂടെ അവിടത്തെ ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. വടകരയിലെ ഏറ്റവും വലിയ ഡയാലിസിസ് കേന്ദ്രമായ 'തണൽ ഡയാലിസിസ് കേന്ദ്രം' ഇതിന് തൊട്ടടുത്താണ് സ്ഥിതി ചെയ്യുന്നത്. ടി ഡയാലിസിസ് കേന്ദ്രത്തിലേയ്ക്ക് നിരന്തരം വെള്ളം കയറുന്നതിനാൽ വലിയ അപകട ഭീഷണി നേരിടുന്നുണ്ട്. കൂടാതെ, ഇതിന് തൊട്ടടുത്തായി സ്ഥിതിചെയ്യുന്ന ഐസ്പ്ലാന്റിലേയ്ക്ക് വെള്ളം കയറുന്നതിനാൽ അതും തകർച്ചയുടെ വക്കിലെത്തി നിൽക്കുകയാണ്. ഇങ്ങനെ എല്ലാരീതിയിലും ബുദ്ധിമുട്ട് അനുഭവിക്കുന്നൊരു പ്രദേശമാണ് വടകരയിലെ കസ്റ്റംസ് കടൽതീരം. അതുകൊണ്ട് അടിയന്തരമായി ടി കടൽഭിത്തി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. അവിടെ തിങ്ങിപ്പാർക്കുന്ന സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷണം നൽകുന്നതിന് വടകര മുനിസിപ്പാലിറ്റിയുടെ കസ്റ്റംസ് കടൽതീരത്ത് സി.പി. 2063 തെക്കുമുതൽ 60-ന് വടക്ക് വരെ അടിയന്തരമായി കടൽഭിത്തി കെട്ടി സംരക്ഷിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ

ഭാഗത്ത് നിന്നുണ്ടാകണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തീരദേശത്ത് താമസിക്കുന്ന ആളുകൾ അനുഭവിക്കുന്ന രൂക്ഷമായ പ്രശ്നത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. തകർന്ന കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നുണ്ടെങ്കിലും ആയത് എല്ലാപ്രദേശത്തും ഒരുപോലെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. വടകര നിയോജകമണ്ഡലത്തിൽ ഇതിനോടകം രണ്ട് ഘട്ടങ്ങളിലായി ഏകദേശം 254 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ടി നിയോജകമണ്ഡലത്തിലെ മുകച്ചേരി കടൽത്തീരത്ത് തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സി.പി. 2059-ൽ നിന്ന് തുടങ്ങി വടക്കുഭാഗത്ത് 870 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന സമയത്ത് ജി.എസ്.ടി. നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി വർദ്ധിച്ചതിനാലും

കല്ലിന്റെ ഡി.എസ്.ആർ. നിരക്ക് വർദ്ധിച്ചതിനാലും പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തിയുടെ നീളം കുറയ്ക്കേണ്ടിവന്നു. തുടർന്ന് ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാറുകാരന് സ്ഥലം കൈമാറുകയും ടി പ്രവൃത്തിയുടെ 53 ശതമാനം നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ശേഷിക്കുന്ന ഭാഗം 295 മീറ്റർ നീളത്തിലും അതിനോട് ചേർന്ന് വടക്ക് ഭാഗത്തായി 190 മീറ്ററും ചേർത്ത് ആകെ 485 മീറ്റർ നീളത്തിൽ കസ്റ്റംസ് കടൽഭിത്തി നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ 404 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വടകര നിയോജകമണ്ഡലത്തിൽ ജില്ലാകളക്ടർ സമർപ്പിച്ച 7 കോടി രൂപയുടെ പ്രവൃത്തികളുടെ ലിസ്റ്റിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ടി പ്രവൃത്തി എത്രയുംവേഗം പ്രാവർത്തികമാക്കാൻ കഴിയും. മുൻഗണനാക്രമത്തിൽത്തന്നെ ടി പ്രവൃത്തിയാരംഭിച്ച് മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ സൂചിപ്പിച്ചതുപോലെ തീരപ്രദേശങ്ങളെ സംരക്ഷിക്കാനുള്ള ഹോട്ട്സ്പോട്ട് ഉൾപ്പെടെയുള്ള മേഖലയിൽ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിന്

National Centre for Coastal Research (NCCR) റിപ്പോർട്ട് ലഭ്യമാകുന്നുണ്ട്. ആയതിന്റെ പശ്ചാത്തലത്തിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾകൂടി ഏറ്റെടുത്ത് നടത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(8) അമ്പലപ്പുഴയിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി

ശ്രീ. എച്ച്. സലാം: സർ, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈപ്പ് പൊട്ടിക്കലുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടാകുന്നുണ്ട്. മറ്റൊന്ന്, 25 വർഷത്തിലേറെ കാലപ്പഴക്കമുള്ള പൈപ്പുകൾ കേടാകുന്നതുമൂലം വെള്ളമെത്താത്ത സാഹചര്യവുമുണ്ടാകുന്നു. പലപ്പോഴും ഇക്കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയും കേരള വാട്ടർ അതോറിറ്റിയും തമ്മിലുള്ള കോർഡിനേഷൻ സംബന്ധിച്ച വിഷയം പരിഹരിക്കാനാവശ്യമായ സംവിധാനം അടിയന്തരമായി നടപ്പിലാക്കണം. ജൽ ജീവൻ മിഷന്റെ ഭാഗമായി നേരത്തെ പ്ലാൻ ചെയ്തതിനുപുറമെ കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ അതത് സ്ഥലത്തുള്ള ഫണ്ട് തന്നെ റിവൈസ്

ചെയ്താൽ സാധ്യമാകും. അങ്ങനെ പ്രവൃത്തി പുന:ക്രമീകരിക്കണമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നുള്ള അനുമതി ആവശ്യമാണ്. കൂടാതെ, ഓവർഹെഡ് ടാങ്കുകൾ നിർമ്മിക്കാവശ്യമായ സ്ഥലത്തിന്റെ പരിമിതി സംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്നൊരു കത്ത് ലഭിച്ചിരുന്നു. അതിന്റെ ഭാഗമായി രണ്ട് പഞ്ചായത്തുകളുടെ സഹായത്തോടെ 15 സെന്റ് സ്ഥലം വീതം വാങ്ങി നൽകിയിട്ടുണ്ട്. പക്ഷെ, സ്ഥലം വാങ്ങിയ നൽകിയ എല്ലാ പഞ്ചായത്തിനും ടാങ്ക് നിർമ്മിക്കാൻ പണം വകയിരുത്തിയിട്ടില്ല. പുന്നപ്ര സൗത്ത്, പുന്നപ്ര നോർത്ത് പഞ്ചായത്തുകളിൽ ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി ടാങ്ക് നിർമ്മിക്കാൻ നാളിതുവരെ പണം വകയിരുത്തിയിട്ടില്ല. അവിടെയും പൂർത്തിയാകാത്ത പല വർക്കുകളുമുണ്ട്. അവ പുനഃക്രമീകരിച്ച് പണമനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ആലപ്പുഴ ജില്ലയിലെ നാല് ഡിവിഷനുകളുടെ ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസായിരുന്നു ആലപ്പുഴ പി.എച്ച്. സർക്കിൾ. നിലവിൽ അവിടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയില്ലെന്ന് മാത്രമല്ല, ടി തസ്തിക അവിടെനിന്ന് തിരുവനന്തപുരത്തേയ്ക്ക്

മാറ്റി ക്രമീകരിച്ചിരിക്കുകയാണ്. തസ്തിക വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോടതി നിർദേശിച്ചതിന്റെ ഭാഗമായാണ് ഇത് സംഭവിച്ചതെങ്കിലും ആയത് അടിയന്തരമായി പുനഃസ്ഥാപിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. അവിടെത്തെ പൊതുപ്രവർത്തനങ്ങളുടെ കോർഡിനേഷനെ ബാധിക്കുന്നൊരു പ്രശ്നമായതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള വിഷയമായതുകൊണ്ടും ഇക്കാര്യം ഗൗരവമായി പരിഗണിക്കണം. കൂടാതെ, നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച് അടിയന്തരമായി പരിഹരിക്കേണ്ടതും ദീർഘകാലമെടുത്ത് പരിഹരിക്കേണ്ടവയുമുണ്ട്. ഈ രണ്ടുകാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. എൻ.എച്ച്.എ.ഐ.-യുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഇത്തരം വിഷയങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു. ആലപ്പുഴയുടെ ഹൃദയഭാഗത്തുകൂടിയുള്ള ദേശീയ പാതയും

പൊതുമരാമത്ത് റോഡുകളുമാണ് പൈപ്പ് ലൈനുകൾ കടന്നുപോകുന്ന പ്രധാന മേഖല. ദേശീയപാതയിലെ കളർകോട് മുതൽ കൊട്ടാരവളവു വരെ ഏകദേശം 26 കിലോമീറ്റർ ദൂരത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം നടക്കുന്നതിനാൽ ഏതാണ്ട് ഒരു വർഷത്തിലധികമായി റോഡിലെ ശുദ്ധജല വിതരണ ശൃംഖലകൾ നിരന്തരം പൊട്ടുന്നതിനാലും യഥാസമയം ദേശീയ പാത അതോറിറ്റി ഇവ പരിഹരിക്കാത്തതിനാലും കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ദേശീയ പാതയുടെ ഇരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് നിലവിലുള്ള ബൈ റോഡിലെ പൈപ്പ് ലൈനുകൾ ഇന്റർകണക്ഷൻ ചെയ്ത് ജലവിതരണം സുഗമമാക്കിയാൽ മാത്രമേ പരിഹാരമുണ്ടാകുകയുള്ളൂ. ഇതിനാവശ്യമായ എസ്റ്റിമേറ്റ് ദേശീയ പാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. അതുപ്രകാരം എൻ.എച്ച്.എ.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയായാൽ മാത്രമേ മണ്ഡലത്തിലെ ജലവിതരണം സാധാരണ നിലയിലേയ്ക്കെത്തുകയുള്ളൂ. പൈപ്പ് പൊട്ടുന്നതുമൂലം ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ

മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ആവശ്യപ്രകാരം വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിൽ നിന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ടാങ്കർ ലോറിയിൽ ജലം സംഭരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ആലപ്പുഴ മുനിസിപ്പാലിറ്റിക്കുവേണ്ടി അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി പഴവങ്ങാടിയിൽ പത്ത് ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നത ജലസംഭരണിയും ആലിശ്ശേരിയിൽ 28 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നത ജലസംഭരണിയും നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ളം തടസ്സപ്പെടാതിരിക്കാൻ ടി പദ്ധതിയിലുൾപ്പെടുത്തി കടപ്ര വാട്ടർ പമ്പ് ഹൗസിലും കരുമാടി പമ്പ് ഹൗസിലും സ്റ്റാൻഡ് ബൈ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. മാത്രമല്ല, പഞ്ചായത്തുകളിൽ സ്ഥലം വാങ്ങി ടാങ്ക് നിർമ്മിച്ച വിഷയം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ജൽ ജീവൻ മിഷൻ ഫണ്ടുമായി ബന്ധപ്പെട്ട പ്രശ്നമാണുള്ളത്. അത് പുനഃക്രമീകരിച്ച് ടാങ്കുകൾ നിർമ്മിക്കാവശ്യമായ നടപടി സ്വീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പോസ്റ്റുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടലുണ്ട്. എന്നിരുന്നാലും പ്രസ്തുത പ്രദേശത്തെ കാര്യങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വളരെ നല്ല രീതിയിലുള്ള മേൽനോട്ടവും അക്കാര്യത്തിലുണ്ടാകും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെല്ലാം വളരെ ഗൗരവത്തോടെയാണ് കാണുന്നത്. അദ്ദേഹം പ്രസ്തുത വിഷയങ്ങൾ വളരെ നേരത്തെ ശ്രദ്ധയിൽപ്പെടുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്.

(9) കടലുണ്ടിപ്പുഴ, ബാലാതിരുത്തി, പുല്ലിപ്പുഴ എന്നിവിടങ്ങളിലെ ഡ്രഡ്ജിംഗ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടിപ്പുഴയുടെ അഴിമുഖത്തും ബാലാതിരുത്തിയിലും ചേലേമ്പ്ര പുല്ലിപ്പുഴയും ജൈവവൈവിദ്ധ്യങ്ങളുടെ ആവാസകേന്ദ്രമാണ്. അപൂർവ്വ ഇനം കണ്ടൽ ചെടികളുടേയും സംരക്ഷിക്കേണ്ടയിനം പക്ഷി സങ്കേതത്തിന്റെയും

മത്സ്യസമ്പത്തിന്റേയും ഉടവിടങ്ങളാണിത്. ദൗർഭാഗ്യവശാൽ കടലുണ്ടിപ്പുഴയും പുല്ലിപ്പുഴയും മണ്ണിടിഞ്ഞ് നികന്നുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പലയിടങ്ങളിലും ചെറുദ്വീപുകൾ രൂപപ്പെടുകയും പുഴയുടെ ആവാസ വ്യവസ്ഥ തകിടം മറിച്ചിരിക്കുകയുമാണ്. പ്രത്യേകിച്ചും കടലുണ്ടി പാലത്തിനുസമീപം അഴിമുഖത്ത് പാലത്തിനും പുഴയുടെ ഇടയിലുമുള്ള ഭാഗത്ത് വലിയ അളവിൽ ചെളിയും മണലും അടിഞ്ഞ് പുഴ നികന്നുകൊണ്ടിരിക്കുകയാണ്. ഇത് പുഴയുടെ ഒഴുക്കിനെ ബാധിക്കുകയും കടലുണ്ടിപ്പുഴയുടെ സ്വാഭാവിക ഗതിമാറ്റത്തിനും മണ്ണിടിച്ചിലിനും പ്രളയസാധ്യതയ്ക്കും കാരണമാകുന്നുണ്ട്. കൂടാതെ, ചേലേമ്പ്ര പുല്ലിക്കടവ് പാലം നിർമ്മിച്ചപ്പോൾ മുൻകാലത്തുണ്ടായിരുന്ന ഇരുമ്പ് പാലത്തിന്റെ അവശിഷ്ടം പുഴയിൽ നിന്നും നാളിതുവരെയും മാറ്റിയിട്ടില്ല. ഇത് പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ ബാധിച്ചിട്ടുണ്ട്. ആയതിനാൽ പുല്ലിപ്പുഴയിലെയും കടലുണ്ടിപ്പുഴയിലെയും മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്നതിന് ഡ്രഡ്ജിംഗ് നടത്താൻ നടപടി സ്വീകരിക്കണമെന്ന് ടി സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച രണ്ട് വിഷയങ്ങളും പ്രധാന്യമർഹിക്കുന്നവയാണ്. കടലുണ്ടിപ്പുഴയുടെ ബാലാതിരുത്തി ദ്വീപുകൾക്ക് താഴ്ഭാഗത്തുള്ള അഴിമുഖഭാഗത്ത് കടലുണ്ടിക്കടവ് പാലത്തിനുസമീപം പൊഴിയുടെ വലതുഭാഗം ചേർന്നുള്ള 9 സ്ഥാനങ്ങളിൽ ചെളിയും മണലും അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അവശിഷ്ടം വേലിയിറക്ക സമയത്ത് ഏകദേശം ഒരുമീറ്ററിലധികം ഉയരത്തിൽ കാണപ്പെടുന്നുണ്ട്. മഴക്കാലങ്ങളിൽ പുഴവെള്ളം ശരിയായ രീതിയിൽ വാർന്നു പോകാത്തതുകാരണം വള്ളിക്കുന്ന് പഞ്ചായത്തിലെ പല ഭാഗങ്ങളിലും വെള്ളം കയറിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പുഴയിൽനിന്നും ചെളിയും മണലും നീക്കം ചെയ്യുന്നതിന് അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ കളക്ടർ മലപ്പുറത്തിന് നൽകിയിരുന്നു. ആയതിന് അനുമതി ലഭിക്കാത്തതിനാൽ പുഴയിൽത്തന്നെ മറ്റൊരു ഭാഗത്തേക്ക് അവശിഷ്ടങ്ങൾ മാറ്റിയിടുന്നതിന് നാൽപ്പത്തിനാല് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. എന്നാൽ, സമയാസമയങ്ങളിൽ അടിഞ്ഞുകൂടുന്ന

അവശിഷ്ടങ്ങളുടെ അളവ് കൂടിയും കുറഞ്ഞുമിരിക്കുന്നതിനാൽ പുഴയിൽവച്ചുതന്നെ ടേൺകീ അടിസ്ഥാനത്തിൽ മണലെടുത്തുകൊണ്ട് പോകുന്നതിന്റെ പ്രാരംഭ നടപടിയായി അവശിഷ്ടത്തിന്റെ അളവും നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന്റെ അനുയോജ്യതയും കണ്ടെത്തുന്നതിനായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചിയെ ചുമതലപ്പെടുത്തുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി-ക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രായോഗികമായി അവിടെ ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ് അത്. ഒരുപ്രദേശത്ത് എത്രത്തോളം ചെളിയും എക്കൽ മണ്ണും മണലുമുണ്ടെന്ന് പരിശോധിച്ചശേഷം അത് ടെണ്ടർ ചെയ്ത് കരാറേറ്റെടുക്കുന്ന വ്യക്തിയെക്കൊണ്ട് അവിടെനിന്നും അതൊക്കെ ടേൺകീ സംവിധാനത്തിലൂടെ നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ടേൺകീ സംവിധാനത്തിലൂടെ ടി പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എക്കലും മണലും ചെളിയും നീക്കം ചെയ്യുന്നത് നിലവിൽ ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന പാലത്തിന്റെ പൈലുകൾക്ക് കൂടുതൽ ദോഷകരമാകുന്നതാണെന്ന ഉദ്യോഗസ്ഥരുടെ അഭിപ്രായത്തിന്റെ

അടിസ്ഥാനത്തിൽ താൽക്കാലിക പരിഹാരമെന്ന നിലയിൽ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടുന്ന ഒമ്പത് സ്പാനുകളിൽ പൊഴിയുടെ മധ്യഭാഗത്തു ചേർന്നുള്ള നാല് സ്പാനുകളിൽ അവശിഷ്ടങ്ങൾ പൈൽക്യാപ്പിന്റെ അടിഭാഗത്തുനിന്നും നാല് അടിയിൽ കൂടാത്ത അളവിൽ പുഴയുടെ വലതുഭാഗത്തേയ്ക്ക് നീക്കിയിട്ട് നീരൊഴുക്ക് സുഗമമാക്കാവുന്നതാണെന്ന വിവരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ചേലേമ്പ്ര പുല്ലിപ്പുഴയിലെ കനോലി കനാൽ വന്നുചേരുന്ന ഭാഗത്തുനിന്നും 300 മീറ്റർ മാറി പുല്ലിക്കടവ് പാലം മുതൽ മുനമ്പത്ത്കടവ് പാലം വരെ മുകളിലോട്ട് മണ്ണും ചെളിയും മണലും നിറഞ്ഞ് നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയത് നീക്കം ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ സിൽക്ക് പാലം മുതൽ പൂന്തോട്ടത്തിൽ മുളപ്പാലം വരെയുള്ള പുല്ലിപ്പുഴയുടെ ഇടതുകര ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും silt നീക്കം ചെയ്യുന്നതിനുമുള്ള 36 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക

സ്ഥിതി പരിശോധിച്ചശേഷം പ്രയോറിറ്റി നിശ്ചയിച്ച് ടി പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (10) മലയോര ഹൈവേ പൂർത്തീകരണം

ശ്രീ. എം. രാജഗോപാലൻ: സർ, മലയോര ഹൈവേയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ നിർമ്മാണപ്രവൃത്തി സുഗമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നന്ദാരപ്പടവ് നിന്ന് ചെറുപ്പുഴ വരെ നാല് റീച്ചുകളിലായി 127.42 കിലോമീറ്റർ ദൈർഘ്യത്തിലാണ് ജില്ലയിൽ മലയോര ഹൈവേയുള്ളത്. സാങ്കേതിക-ഭരണപരമായ കാരണങ്ങളാൽ സ്തംഭനത്തിലായിട്ടുള്ള വൻ വികസന പദ്ധതികൾക്ക് പ്രത്യേക ഊന്നൽ നൽകുന്ന പ്രഥമ പരിഗണന പട്ടികയിൽപ്പെട്ടിട്ടും കാസർഗോഡ് ജില്ലയിലെ മലയോരഹൈവേയുടെ നിർമ്മാണപ്രവൃത്തി മന്ദഗതിയിലാണ്. മലയോര കുടിയേറ്റ മേഖലയിലെ സമഗ്ര വികസനം മുൻനിർത്തി 2018-ൽ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത പ്രവൃത്തിയുടെ മൂന്നും നാലും റീച്ചുകളിൽ വനഭൂമി വിട്ടുകിട്ടാത്തതാണ് പ്രധാന തടസ്സമായി നിൽക്കുന്നത്. ഉദുമ, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന മലയോര

ഹൈവേയുടെ അവസാനറീച്ച് അവസാനിക്കുന്നത് തൃക്കരിപ്പൂർ മണ്ഡലത്തിന്റെയും ജില്ലയുടെയും അതിർത്തിക്കൂടിയായ ചെറുപ്പുഴയിലാണ്. മൂന്നാർ റീച്ചിലാണ് കൂടുതൽ വനഭൂമി വേണ്ടത്. അടൂർ-പാണ്ടി ഭാഗങ്ങളിൽ 3.61 കിലോമീറ്റർ പാത നിർമ്മിക്കാൻ 4.33 ഹെക്ടർ വനഭൂമി ആവശ്യമാണ്. പകരം ഭൂമി നൽകി വനഭൂമിയേറ്റെടുക്കാനുള്ള നടപടികളാരംഭിച്ചിട്ട് നാളുകളേറെയായി. എന്റെ മണ്ഡലംകൂടിയുൾപ്പെടുന്ന നാലാം റീച്ചിൽ കോളിച്ചാലിലും ചെറുപ്പുഴയ്ക്കുമിടയിൽ മരുതോത്തും കാറ്റാംകവലയിലുമാണ് വനഭൂമി വിട്ടു നൽകേണ്ടത്. ഇവിടെ പകരം ഭൂമിയല്ല നഷ്ടപരിഹാരമാണ് വനം വകുപ്പ് ആവശ്യപ്പെട്ടത്. 2021 നവംബർ 7-ന് 10,02,350 രൂപ കിഫ്ബി Kerala Road Fund Board (KRBF) വഴി വനംവകുപ്പിന് കൈമാറി. മരം മുറിച്ചുമാറ്റാനും അനുബന്ധ പ്രവൃത്തികൾക്കുമായി 4,25,000 രൂപ കൈമാറിയിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. എന്നാൽ, അധികൃതർ ഇപ്പോഴും മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഒന്നാം റീച്ച് നന്ദാരപ്പടവ് മുതൽ ചേവാർ വരെ പൂർത്തിയായിട്ട് മൂന്നുവർഷം കഴിഞ്ഞിരിക്കുന്നു. രണ്ടാം റീച്ച് എടപ്പറമ്പുവരെയുള്ള 49.64 കിലോമീറ്റർ ദൂരം പൂർണ്ണമായില്ല. ഇവിടെ നാല്

കിലോമീറ്റർ ദൂരം സ്ഥലം വിട്ട് നൽകുന്ന പ്രദേശവാസികളുടെ ചില തർക്കംകൂടി ഉന്നയിച്ചിട്ടുണ്ട്. മൂന്ന്, നാല് റീച്ചുകളിൽ വനം ഏറ്റെടുക്കുന്നതിനെതിരെ നിയമ-സാങ്കേതിക പ്രശ്നങ്ങളാണ് തടസ്സമായി നിൽക്കുന്നത്. ഈ സാഹചര്യത്തിൽ നാടിന്റെ സമഗ്രമായ വികസനം മുൻനിർത്തി മലയോര ഹൈവേയുടെ നിർമ്മാണപ്രവൃത്തി സുഗമമാക്കാൻ അടിയന്തരനടപടി സ്വീകരിക്കണമെന്നും ഇതിന്റെ ഭാഗമായുള്ള തടസ്സങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അടിയന്തരയോഗം ജില്ലതലത്തിൽ വിളിച്ചുചേർക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, മലയോര ഹൈവേ കേരള സർക്കാരിന്റെ മുൻഗണന പരിഗണനയിൽപ്പെടുന്നൊരു വികസന പദ്ധതിയാണ്. പ്രസ്തുത പദ്ധതി വനംവകുപ്പിന്റെ മെല്ലെപ്പോക്ക് കാരണം തടസ്സപ്പെട്ട് നിൽക്കുകയാണെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിരിക്കുന്നത്. 19-02-2022-ലെ ഉത്തരവുപ്രകാരം മലയോര ഹൈവേയുമായി ബന്ധപ്പെട്ട് കാസർഗോഡ് വനം ഡിവിഷനിലെ പരിവേഷ്

പോർട്ടൽ മുഖാന്തരം അനുമതി ക്ലിയറൻസ് നൽകി കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 31 മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. ചില സ്ഥലത്തെത്തിയപ്പോൾ അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ടതായാണ് കാണുന്നത്. ഈ അതിർത്തി കല്ലുകൾ പുനർനിർണയിച്ച് നൽകണമെന്ന് റോഡ് ഫണ്ട് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷേ, ആ നടപടിക്രമങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. സ്റ്റേജ് രണ്ട് ക്ലിയറൻസ് പ്രകാരമുള്ള കൃത്യമായ വനഭൂമി കൈമാറുന്നതിനും അനധികൃതമായി മരംമുറി തടയുന്നതിനുമാണ് അതിർത്തികൾ കൃത്യമായി നിർണ്ണയിച്ചുതരാൻ ആവശ്യപ്പെട്ടത്. ആയതുപ്രകാരം മേൽ പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലിടുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. യൂസർ ഏജൻസിയുമായി ചേർന്ന് അതിർത്തി നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സ്റ്റേജ് രണ്ട് ക്ലിയറൻസ് പ്രകാരമുള്ള വനഭൂമി വ്യക്തമായും മാർക്ക് ചെയ്യുന്നമുറയ്ക്ക് മഹസർ എഴുതി സ്ഥലം കൈമാറി ഹൈവേ പ്രവർത്തനങ്ങളാരംഭിക്കുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല. ബഹുമാനപ്പെട്ട

അംഗം ആവശ്യപ്പെട്ടതുപോലെ വനം വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം വിളിച്ചുചേർക്കുന്ന കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രിയുമായി കൂടിയാലോചിച്ച് തീരുമാനിക്കാവുന്നതാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ ഇത്തരം കാര്യങ്ങൾ എവിടെയെത്തി നിൽക്കുന്നുവെന്ന് ആത്മാർത്ഥമായി പരിശോധിക്കേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിൽ മാത്രമല്ല, കേരളത്തിലെ മലയോര ഹൈവേ കടന്നുപോകുന്ന മേഖലകളിലാകെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് അതതു സമയത്ത് സ്വീകരിക്കേണ്ടതെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ കർശനമായ നിർദേശങ്ങളും സമയബന്ധിതമായ പരിഹാരമാർഗങ്ങളും നിർദേശിക്കാൻ വനംവകുപ്പിന് സന്നദ്ധത മാത്രമേയുള്ളൂവെന്ന് ഈ സഭയെ ഞാൻ അറിയിക്കുന്നു.

(11) ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതൊരു പൊതു വിഷയമായതുകൊണ്ട് ഒരു മിനിറ്റ് അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ

ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്. നമ്മുടെ നാടിന്റെ ശുചിത്വ പാലകരായ ഹരിതകർമ്മസേനാംഗങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സംബന്ധിച്ചും തികച്ചും ദരിദ്ര പശ്ചാത്തല കുടുംബങ്ങളിൽനിന്ന് ഈ വിഭാഗം ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ വേതനം 15,000 രൂപയെങ്കിലുമാക്കി വർധിപ്പിക്കുന്നതുസംബന്ധിച്ചും അസുഖ സാധ്യത ഏറ്റവും കൂടുതലുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഇവർക്ക് ആകസ്മികമായുണ്ടാകുന്ന ആശുപത്രി ചെലവുകൾക്കായി ഒരു സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നത് സംബന്ധിച്ചുമാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഇതുസംബന്ധിച്ച് വളരെ വേദനാജനകമായ ഒരനുഭവം ഈയവസരത്തിൽ പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഹരിത കർമ്മ സേനാംഗങ്ങളോടൊപ്പമാണ് ഞാൻ ഈ വർഷത്തെ ഓണമാഘോഷിച്ചത്. സെപ്റ്റംബർ 10-ാം തീയതി ആലപ്പുഴയിൽ എല്ലാ പഞ്ചായത്തിലെയും ഹരിത കർമ്മസേനാംഗങ്ങളെയും വ്യക്തിപരമായി നേരിൽ കാണുകയും അവരുടെ പ്രശ്നങ്ങളൊക്കെ കേൾക്കുകയും ചെയ്തശേഷം പായസമൊക്കെ കുടിച്ച് സന്തോഷമായി പിരിയുകയായിരുന്നു. തദവസരത്തിൽ

47 വയസ്സുള്ള വിധവയായ ആനി ജോളിയെന്ന ഹരിത കർമ്മസേനാംഗത്തെ പരിചയപ്പെടുകയും അവരുടെ വയറ്റിലൊരു മുഴ സ്ഥിരീകരിച്ചെന്നും എന്നാൽ, അത് പരിശോധിക്കാൻ പോകാനുള്ള കാശ് കൈയ്യിലില്ലാത്തതുകൊണ്ട് പോകാൻ കഴിഞ്ഞില്ലെന്നും എന്നോട് പറഞ്ഞിരുന്നു. അവർക്ക് രണ്ട് മക്കളാണുള്ളത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ ആരംഭിച്ച വീട് പണി പകുതി വഴിക്ക് നിലച്ചിരിക്കുകയാണ്. ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ വരുമാനംകൊണ്ടാണ് കുടുംബം കഴിയേണ്ടതെന്നുമൊക്കെ പറയുകയുണ്ടായി. തുടർന്ന്, അവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനായി കഴിഞ്ഞ മാസം അവസാനത്തോടുകൂടി എന്റെ ഓഫീസിൽനിന്നും വിളിച്ചപ്പോൾ ഫോൺ എടുക്കുകയുണ്ടായില്ല. പിന്നീട് അന്വേഷിച്ചപ്പോൾ അവർ ആശുപത്രിയിലായിരുന്നുവെന്നും ഈ മാസം 4-ാം തീയതി അവർ മരണപ്പെട്ടുവെന്നുമാണ് അറിയാൻ സാധിച്ചത്. 10-09-2024-ന് തന്റെ വയറ്റിലൊരു മുഴയുണ്ടെന്ന് അറിഞ്ഞിട്ടും സാധാരണനിലയിൽ ജീവിക്കുകയും എന്നാൽ അതുസംബന്ധിച്ച് പരിശോധനക്ക് പോകാൻ കഴിയാത്ത ദുർബ്ബലമായ സാഹചര്യത്തിൽ വിധിക്ക് കീഴ്പ്പെടേണ്ടിവരികയും ചെയ്തു. ഹരിതകർമ്മ

സേനാംഗങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്. അവർക്ക് ലഭിക്കുന്ന ശരാശരി വരുമാനം 6000 മുതൽ 7000 രൂപ വരെ മാത്രമാണ്. വളരെ പ്രയാസകരമായ സാഹചര്യത്തിലാണ് ഇവർ ജോലി ചെയ്യുന്നത്. പലപ്പോഴും ഹരിതകർമ്മ സേനാംഗങ്ങൾ പല വീടുകളിലും വേസ്റ്റ് എടുക്കാനെത്തുമ്പോൾ സാമ്പത്തികശേഷിയുള്ളവർപോലും കേവലം 50 രൂപ നൽകുന്നതിനുപകരം ഇവരെ ശകാരിക്കുകയും ഇവരോട് മോശമായ രീതിയിൽ പെരുമാറുകയും ചെയ്യുന്നുവെന്നത് വളരെയധികം വേദനിപ്പിക്കുന്ന കാര്യമാണ്. എന്നാൽ പാവപ്പെട്ടയാളുകൾ പണം കൃത്യമായി നൽകുന്നുണ്ട്. പല വാർഡുകളിലും രണ്ട് എം.സി.എഫ്. ഇല്ലാത്തതിനാൽ ലഭിക്കുന്ന തുച്ഛമായ വരുമാനത്തിൽനിന്ന് ഓട്ടോ ചാർജ്ജ് നൽകി തൊട്ടടുത്ത എം.സി.എഫ്.-ലേയ്ക്ക് സാധനം കൊണ്ടുവയ്ക്കേണ്ടിവരുന്നുണ്ട്. മെയിൻ എം.സി.എഫ്.-ൽനിന്നും സാധനം കയറ്റിവിടുന്നതിന് പ്രത്യേക വേതനമോ ശമ്പളമോ നൽകുന്നില്ലെന്ന് മാത്രമല്ല, അന്നത്തെ ഭക്ഷണംപോലും ക്രമീകരിക്കാനും സാധിക്കുന്നില്ല. ഞാൻ ഇതൊന്നും ഈ സർക്കാരിന്റെ കുറ്റമായി പറയുന്നതല്ല.

ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഭിക്ഷ നൽകുന്നുവെന്ന മനോഭാവത്തോടെയാണ് പലരും ടി 50 രൂപ നൽകുന്നത്. സർക്കാരിനെ പ്രതിനിധാനം ചെയ്തും സർക്കാരിന്റെ ഐഡന്റിറ്റിയോടുകൂടിയാണ് ഇവർ ഓരോ വീട്ടിലേയ്ക്കും കയറിചെല്ലുന്നത്. അതുകൊണ്ടുതന്നെ ടി 50 രൂപ കൃത്യമായി അവർക്ക് വാങ്ങിക്കൊടുക്കുന്നതിന് സർക്കാർ നിയമപരമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ പറയാനുള്ളത്. മാത്രമല്ല, അവർക്ക് ഒരു മിനിമം ഓണറേറിയം നൽകുന്നൊരു വ്യവസ്ഥ കൊണ്ടുവന്നാൽ അത് അവർക്കൊരന്തസ്സാകുമെന്ന് മാത്രമല്ല, വായ്പയെടുക്കുന്നതിനും മറ്റ് കാര്യങ്ങൾക്കുമുള്ള സൗകര്യം ലഭിക്കുകയും ചെയ്യും. സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയും പ്രയാസവുമുണ്ടെന്ന് അറിയാം. എന്നാൽപോലും ഏറ്റവും വിഷമകരമായ ഈ സാഹചര്യത്തിൽ ജോലി ചെയ്യുന്ന ഇവർക്ക് ഓണറേറിയം നൽകേണ്ടതാവശ്യമാണ്. വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നതുകൊണ്ട് ഇവർക്ക് രോഗസാധ്യത വളരെ കൂടുതലാണ്.

<u>ചെയർപേഴ്സൺ</u>: സമയകൃത്യത പാലിക്കണം. പൊതുവേ അനുവദിച്ചിരിക്കുന്നത് രണ്ട് മിനിറ്റാണ് ..... ഇപ്പോൾ നാല് മിനിറ്റായിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: ഞാൻ ഈ കാര്യം സർക്കാരിനെ കുറ്റപ്പെടുത്താൻ പറയുന്നതല്ല. (ബഹളം) ഈ കാര്യം പറയുമ്പോൾപോലും ഭരണപക്ഷാംഗങ്ങൾക്ക് ഇത്രയധികം അസ്വസ്ഥത എന്താണ്? അവരുടെ ദയനീയമായ സ്ഥിതി പരിഗണിച്ച് ഈ സർക്കാരിന് എന്ത് ചെയ്യാൻ സാധിക്കുമെന്ന് അങ്ങ് വ്യക്തമാക്കിയാൽ ഉപകാരമായിരിക്കും?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കഴിഞ്ഞ ഒരു വർഷംകൊണ്ട് ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണത്തിലും വരുമാനത്തിലും വലിയ വർധനവുണ്ടായിട്ടുണ്ട്. അവരുടെ സ്ഥിതി വളരെ ദയനീയമാണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം ശരിയല്ല. നല്ല വരുമാനമുണ്ടാക്കുന്ന ഒരു വിഭാഗവും അത്രത്തോളം വരുമാനമില്ലാത്ത മറ്റൊരു വിഭാഗവും വളരെ കുറഞ്ഞ വരുമാനമുള്ള ചെറിയൊരു വിഭാഗവും ഇക്കൂട്ടത്തിലുണ്ടെന്നത് വസ്തുതയാണ്. മാലിന്യ ശേഖരണത്തിലൂടെയും പാഴ്വസ്തുശേഖരണത്തിലൂടെയും വാതിൽപ്പടി ശേഖണത്തിലൂടെയും ലഭിക്കുന്ന യൂസർ ഫീയാണ് ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രധാന വരുമാന മാർഗം.

07.10.2013-ലെ സർക്കാർ ഉത്തരവുപ്രകാരം ഹരിതകർമ്മ സേനാംഗത്തിന്റെ വരുമാനം കുറഞ്ഞത് 10,000/- രൂപയിലേയ്ക്കെത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. 10,000/- രൂപയിൽ കുറവ് വരുമാനമുള്ളവർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിലൂടെ ടി കുറവ് നികത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവുമാണ്. അതുമാത്രമല്ല, ഇവരുടെ പ്രധാന വരുമാനമാർഗ്ഗം യൂസർ ഫീയായതുകൊണ്ട് ഈ സഭ പാസ്സാക്കിയ നിയമപ്രകാരം യൂസർ ഫീ നിർബന്ധമാക്കിയിട്ടുമുണ്ട്. യൂസർ ഫീ നൽകാത്തവരിൽനിന്ന് ഫൈനോടുകൂടി property tax-നോടൊപ്പം പ്രസ്തുത തുക പിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. യൂസർ ഫീ നൽകാത്തവർക്ക് മറ്റ് സേവനങ്ങൾ നിഷേധിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് അധികാരവും നൽകിയിട്ടുണ്ട്. ഇക്കാര്യം സഭയിൽ ചർച്ച ചെയ്യുമ്പോൾ അങ്ങനെ ചെയ്യാമോയെന്നൊക്കെയുള്ള വാദങ്ങൾ ഉയർന്നുവന്നിരുന്നുവെങ്കിലും നിലവിൽ

അങ്ങനെയൊരു നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതെല്ലാം ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനം ഉറപ്പുവരുത്താൻ വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിയാണ്. വളരെ ദീർഘമായ മറുപടിയായതിനാൽ എല്ലാകാര്യങ്ങളും വിശദമായി പറയുന്നില്ല. മാത്രമല്ല, ഹരിതകർമ്മ സേനാംഗങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിലവിൽ സൗജന്യ മെഡിക്കൽ പരിശോധനകൾ നൽകിവരുന്നുണ്ട്. കുടുംബശ്രീ-യും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡുമായി ചേർന്ന് ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഇൻസ്പെയർ എന്ന പേരിൽ നിലവിൽ ഒരു ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1384/- രൂപ വാർഷിക പ്രീമിയമുള്ള ടി പദ്ധതിയുടെ 50 ശതമാനം കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും നൽകിവരുന്നതും ബാക്കി 50 ശതമാനം തുക ഗുണഭോക്താവ് വഹിക്കേണ്ടതാണെങ്കിലും ടി തുക ഹരിതകർമ്മസേന കൺസോർഷ്യം ഫണ്ടിൽനിന്നും നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 15-07-2017-ലെ സർക്കാർ ഉത്തരവനുസരിച്ച് വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും ഉപകരണങ്ങളും ഹരിതകർമ്മ സേനയ്ക്ക് സുരക്ഷിതമായി

പ്രവർത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ഓണത്തോടനുബന്ധിച്ച് ഓരോ ഹരിതകർമ്മ സേനാംഗത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും ആയിരം രൂപ ഓണം അഡ്വാൻസായി നൽകിവരുന്നുണ്ട്. ഗവൺമെന്റിന്റെ മാലിന്യമുക്ത നവകേരളം പദ്ധതി പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് തൊഴിൽ, വരുമാന മാർഗം, സുരക്ഷ എന്നിവ ഉറപ്പുവരുത്താനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ടി നടപടികൾ സ്വീകരിക്കുന്നതാണ്. ഹരിതകർമ്മ സേനയെ കേരളത്തിന്റെ ശുചിത്വ സൈന്യമായിട്ടാണ് സർക്കാർ കണക്കാക്കുന്നത്.

(12) <u>പാണാവള്ളി, അരൂക്കുറ്റി ബോട്ട് സർവ്വീസ്</u>

<u>ശ്രീമതി ദെലീമ</u>: സർ, ദേശീയ പാത 66-ൽ തുറവൂർ മുതൽ അരൂർ വരെ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാദുരിതം വളരെ വലുതാണ്. അരൂർ മണ്ഡലത്തിലെ ഭൂരിഭാഗം ജനങ്ങളും എറണാകുളത്തെ ആശ്രയിക്കുന്നവരാണ്.

മണിക്കൂറുകളോളം ബ്ലോക്കിൽപ്പെടുന്നതിനാൽ തൊഴിൽസ്ഥലത്തെത്തുവാൻ പൊതുജനങ്ങളും സ്കൂളുകളിലും കോളേജുകളിലുമെത്താൻ വിദ്യാർഥികളും വളരെയധികം ബുദ്ധിമുട്ടുകയാണ്. ആലപ്പുഴ, കോട്ടയം ജില്ലകളെ എറണാകുളം ജില്ലയുമായി ബന്ധിപ്പിച്ച് സർവ്വീസ് നടത്തിയിരുന്ന വേഗ ബോട്ട് സർവ്വീസ് കോവിഡ് കാലത്ത് നിർത്തിയശേഷം പുനരാരംഭിച്ചിട്ടില്ല. ഈ ബോട്ട് എവിടെയാണെന്നുപോലും അറിയാത്ത സ്ഥിതിയാണുള്ളത്. അരൂർ മണ്ഡലത്തിലെ പാണാവള്ളി, അരൂകുറ്റി പ്രദേശങ്ങളിൽനിന്ന് എറണാകുളം ബോട്ട് ജെട്ടിയിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുകയാണെങ്കിൽ അരൂകുറ്റി, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം പ്രദേശങ്ങളിലെ ജനങ്ങൾക്ക് വലിയ ഉപകാരപ്രദമാകും. കൂടാതെ, അരൂകുറ്റിയിൽ, വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത തമിഴ്നാട്ടിലെ നവോത്ഥാന നായകനായ ഇ.വി. രാമസ്വാമി നായ്ക്കരുടെ സ്മാരകത്തിനാവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിന് കൈമാറി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതോടെ ടി പ്രദേശം പ്രധാന ടൂറിസം കേന്ദ്രമാവുകയും ചെയ്യുമെന്നതിനാൽ പാണാവള്ളി, അരൂകുറ്റി

പ്രദേശങ്ങളിൽനിന്ന് എറണാകുളം ബോട്ട് ജെട്ടിയിലേയ്ക്ക് ബോട്ട് സർവ്വീസ് നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, എറണാകുളം മേഖലയിൽ റോഡുപണി നടക്കുന്ന ഭാഗത്ത് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ സത്യമാണ്. എറണാകുളം മേഖലയിലേയ്ക്ക് 2020-ൽ പരീക്ഷണാടിസ്ഥാനത്തിൽ വൈക്കം മേഖലയിൽനിന്ന് ബോട്ട് സർവ്വീസ് ആരംഭിച്ചിരുന്നുവെങ്കിലും പൊതുജനങ്ങൾ വളരെ പരിമിതമായി മാത്രമേ ടി സർവ്വീസ് ഉപയോഗിച്ചിരുന്നുള്ളൂവെന്ന സങ്കേതികമായ ചില ബുദ്ധിമുട്ടുണ്ടായി. അതിനുശേഷം പലഘട്ടങ്ങളിലായി സംസ്ഥാന ജലഗതാഗത വകുപ്പ് ട്രാഫിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ നടത്തിയ പ്രാഥമിക റൂട്ട് സർവേയിൽ അരൂർ പാലത്തിന് മുമ്പും പാലം കടന്നതിനുശേഷം തേവര വരെയെത്തുന്ന പല സ്ഥലങ്ങളിലും ആഴക്കുറവ് കണ്ടെത്തുകയുണ്ടായി. അത്തരം സ്ഥലങ്ങളിലൂടെ ബോട്ട് സർവ്വീസ് നടത്തുമ്പോൾ പ്രൊപ്പല്ലർ, റഡാർ തുടങ്ങിയ ഭാഗങ്ങൾക്ക് കേടുപാടുകൾ

സംഭവിക്കുമെന്നും ട്രിപ് മുടങ്ങുമെന്നുമാണ് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുള്ളത്. ശക്തമായ വേലിയേറ്റവും വേലിയിറക്കവുമുണ്ടാകുന്ന മേഖലയായതുകൊണ്ട് ബോട്ടുചാലിന്റെ പല സ്ഥലത്തും ചെറിയ മൺതിട്ടകൾ രൂപപ്പെട്ടിട്ടുണ്ട്. എറണാകുളം വരെയുള്ള ബോട്ട് ചാലിന്റെ പല സ്ഥലങ്ങളിലും മത്സ്യബന്ധനത്തിനുവേണ്ടി ഊന്നിവല സ്ഥാപിച്ചിട്ടുള്ളതിനാൽ ബോട്ട് തട്ടാനുള്ള സാധ്യതയുമുണ്ട്. അതിനാൽ ഊന്നിവലയിൽ തട്ടാത്ത രീതിയിൽ യാത്ര നടത്തേണ്ടിവരുന്നുണ്ട്. നേരായ വഴിയിലൂടെയും സ്ഥിരമായ റൂട്ടിലൂടെയും ബോട്ട് സർവ്വീസ് നടത്താൻ സാധിക്കില്ല. മുമ്പ് ചാനലിനടിയിൽ സ്ഥാപിച്ചിരുന്ന ചില കുറ്റിവലകളും ബോട്ടിന് അപകടമുണ്ടാക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. മാത്രമല്ല, ബോട്ട് എറണാകുളം മേഖലയിലേയ്ക്കെത്തുമ്പോൾ കൊച്ചി നേവൽ ബേസ് കടക്കുന്നതിന് നേവിയുടെ പരിശീലനത്തിനുവേണ്ടിയുള്ള സുരക്ഷ പരിശോധനയുണ്ട്. സുരക്ഷ പരിശോധനകൾ മുന്നറിയിപ്പ് കൂടാതെ നടത്തുന്നതിനാൽ ബോട്ട് സർവീസിന് സമയക്ലിപ്തത പാലിക്കാൻ സാധിക്കാതെ വരുന്നുണ്ട്. സ്ഥിരം ബോട്ട് സർവ്വീസല്ലാത്തതിനാൽ ബോട്ട് ചാനലിൽ നിലവിലുള്ള ആഴം സംബന്ധിച്ച്

റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിന് തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. ആഴക്കുറവുള്ള ഭാഗത്ത് ഡ്രഡ്ജിംഗ് നടത്തി ആഴം വർധിപ്പിക്കുന്നതിനും ചാനലിലെ മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുമായി ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളൊന്നും തള്ളികളയുകയല്ല, വിശദമായ ചർച്ച ചെയ്ത് സാധ്യമായ രീതിയിൽ ചെറിയ ബോട്ടുപയോഗിച്ച് സർവ്വീസ് നടത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാം.

(13) ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണം

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളോടൊപ്പമായിരുന്നു ഞാൻ ഇക്കഴിഞ്ഞ ഓണം ആഘോഷിച്ചത്. കേരളത്തിൽ 2015-ലാണ് ഭിന്നശേഷിക്കാരായ കുട്ടികളുടെ ഔദ്യോഗികമായ കണക്കെടുത്തത്. അതുപ്രകാരം കേരളത്തിൽ എട്ട് ലക്ഷത്തോളം ഭിന്നശേഷിക്കാരായ കുട്ടികളുണ്ട്. സമൂഹത്തിൽ ഏറ്റവും കരുതൽ വേണ്ടൊരു വിഭാഗമാണ് ഈ കുട്ടികൾ. ഈ കുട്ടികളെ നമ്മൾ

അടുത്തറിയുമ്പോൾ.... എന്റെ നിയോജകമണ്ഡലത്തിൽ അലക്സ് എന്നൊരു മികച്ച ഗായകൻ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടിയാണ്. പക്ഷേ ഈ കുട്ടികളെ പരിപാലിക്കേണ്ടതിനാൽ ഇവരുടെ മാതാപിതാക്കൾക്ക് ഒരു ജോലിക്കുപോലും പലപ്പോഴും പോകാൻ കഴിയാത്ത സ്ഥിതിയാണ്. ജീവിതകാലം മുഴുവനും അവർ ഈ കുട്ടികൾക്കുവേണ്ടിയാണ് ജീവിക്കുന്നത്. എന്റെ ഒരു ചോദ്യം, സർക്കാരിന് ഏതെങ്കിലും തരത്തിൽ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ പൊതുമരാമത്ത് വകുപ്പിനുകീഴിലോ ബഡ്സ് സ്കൂളുകളിലോ ഇവർക്ക് താൽക്കാലികമായ ജോലികളിൽ ഏതെങ്കിലും തരത്തിലുള്ള സംവരണം കൊടുത്തുകഴിഞ്ഞാൽ അത് അവർക്കൊരു കരുതലാകുന്നതാണ്. അത്രത്തോളം സാമ്പത്തിക ബുദ്ധിമുട്ടാണ് ഈ വിഭാഗത്തിലെ കുട്ടികളുടെ മാതാപിതാക്കൾ അനുഭവിക്കുന്നത്. വകുപ്പുമന്ത്രിയുടെയും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണിന്റെയുമൊക്കെ ശ്രദ്ധയിൽ വരേണ്ടൊരു സാമൂഹിക വിഷയമാണിത്. ആ സാമൂഹിക കരുതലിനായി സർക്കാർ താൽക്കാലിക

ജോലികളിൽ സംവരണം കൊടുത്തുകൊണ്ട് ഇവരെ പരിരക്ഷിക്കാൻ തയ്യാറാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭിന്നശേഷി ശാക്തീകരണവും പുനരധിവാസവും ലക്ഷ്യമാക്കി നിരവധി വികസന ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിലുൾപ്പെടുന്ന ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് സ്വയംതൊഴിലിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് 'സ്നേഹയാനം' എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. അതുപോലെ സമഗ്ര ശിക്ഷാ കേരളം മുഖേന നടപ്പാക്കിവരുന്ന സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രം മുഖേന ഭിന്നശേഷിക്കാരുടെ രക്ഷാകർത്താക്കൾക്ക് തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. 2016-ലെ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ് പ്രകാരം നാല് ശതമാനം സംവരണം എല്ലാ സ്ഥാപനങ്ങളിലേയ്ക്കും കേരള പബ്ളിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് ഭിന്നശേഷി വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങൾക്കും

ഭിന്നശേഷി സംവരണം നിലവിലുണ്ട്. സ്പെഷ്യൽ ഡിസെബിലിറ്റിയുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് 26-09-2022-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുപ്രകാരം സ്ഥലംമാറ്റത്തിൽ ഇളവ് നൽകിവരുന്നുണ്ട്. ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ചയില്ലായ്മ, ബഹുവൈകല്യം മുതലായ ഭിന്നശേഷിത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ സർക്കാർ ജീവനക്കാരാണെങ്കിൽ അവരിൽ ഒരാൾക്ക് 11-05-2023-ലെ സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവുപ്രകാരം ജോലി സമയത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം വളരെ മാനുഷികമായതാണ്. സംസ്ഥാനത്തെ തീവ്ര ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയടക്കം നടത്തിവരുന്ന താൽക്കാലിക നിയമനങ്ങളിൽ സംവരണം നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്. അതിന്റെ നിയമപരമായ സാധ്യതയുൾപ്പെടെ പരിശോധിക്കാവുന്നതാണ്.

(14) അകത്തേത്തറ-നടക്കാവ് റെയിവേ മേൽപ്പാല ം നിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ-നടക്കാവ് റെയിവേ മേൽപ്പാലത്തിന്റെ പണി ആരംഭിച്ചിട്ട് മൂന്നര വർഷം കഴിഞ്ഞു. നൂറുകണക്കിന് ആൾക്കാർ വരുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ-ഒലവക്കോട് റോഡിന്റെ പ്രവൃത്തി മുടങ്ങിയിട്ടും മൂന്നര കൊല്ലമായി. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി മൂന്ന് പ്രാവശ്യം സന്ദർശിച്ച ശബരി ആശ്രമത്തിലേയ്ക്കും നിരവധി സന്ദർശകരുണ്ട്. ഇത്രയും കാലം ഒരു റോഡ് അടച്ചിട്ടതുമൂലം വലിയ ബുദ്ധിമുട്ടാണ് ജനങ്ങൾ അനുഭവിക്കുന്നത്. സന്ദർശകർക്കുപുറമേ സ്കൂളിൽ പോകുന്ന കുട്ടികൾക്കും ജോലിക്ക് പോകുന്നവർക്കും ഇതുമൂലം വലിയ പ്രയാസമുണ്ടാകുന്നുണ്ട്. റെയിൽവേയുടെ അനാസ്ഥ കാരണമാണ് ഈ പ്രവൃത്തി വൈകിക്കൊണ്ടിരിക്കുന്നത്. ഞാനും പഞ്ചായത്ത് പ്രസിഡന്റുമൊക്കെ പലതവണ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ എറണാകുളത്ത് പോയിക്കണ്ടിട്ടും പ്രവൃത്തി പൂർത്തിയാക്കാനുള്ള ഏർപ്പാട് ചെയ്യാമെന്ന് അവർ പറയുന്നതല്ലാതെ യാതൊരു പ്രവൃത്തിയും നടന്നിട്ടില്ല. റെയിൽവേയുടെയും

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം അടിയന്തരമായി വിളിച്ചുകൂട്ടി രണ്ട് മാസത്തിനകമെങ്കിലും ആ പ്രവൃത്തി പൂർത്തിയാക്കാനുള്ളൊരു ഇടപെടൽ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും ഒരു പ്രത്യേക ശ്രദ്ധ പതിപ്പിച്ച് അത് ശരിയാക്കി തരണമെന്ന അഭ്യർഥനയുമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 'ലെവൽ ക്രോസില്ലാത്ത കേരളം' എന്ന സ്വപ്ന പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെയാണ് അകത്തേത്തറ-നടക്കാവ് റെയിവേ മേൽപ്പാലം നിർമ്മിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ അത് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Ltd.)-ക്ക് ആണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. പാലത്തിന്റെ റെയിൽവേ ഭാഗമൊഴികെ 16 സ്പാനുകളുടെ മുഴുവൻ സബ്സ്ട്രക്ച്ചർ പ്രവൃത്തികളും പൂർത്തിയാക്കി. 16-ൽ 14 സ്പാനുകളുടെ ഗർഡറുകളും 12 സ്ലാബുകളും പൂർത്തിയാക്കിയിട്ടുണ്ട്. 95 ശതമാനം റീട്ടെയിനിംഗ് വാളിന്റെയും

ഡ്രെയ്നേജിന്റെ 80 ശതമാനവും പ്രവൃത്തി പൂർത്തിയായി. സർവീസ് റോഡുകളിൽ മലമ്പുഴ ഭാഗത്ത് 40 മീറ്റർ ഒഴികെയും പാലക്കാട് ഭാഗത്ത് 80 മീറ്റർ ഒഴികെയും റോഡിന്റെ WMM (Wet Mix Macadam) വരെയുള്ള നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിവരുന്ന റീട്ടെയിനിംഗ് വാളിന്റെയും സർവീസ് റോഡ്, ഡ്രെയ്നേജ് എന്നിവയുടെയും പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ മേൽപ്പാലത്തിന്റെ റെയിൽവേയുടെ ഭാഗത്തെ മൂന്ന് സ്പാനുകൾ റെയിൽവേ നേരിട്ടാണ് നിർമ്മിക്കുന്നത്. റെയിൽവേ നേരിട്ടുചെയ്യുന്ന പ്രവൃത്തികൾക്ക് പതിനൊന്ന് കോടി എൺപത്തിരണ്ട് ലക്ഷം രൂപ 06-09-2022-ന് സംസ്ഥാന സർക്കാർ റെയിൽവേയിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നതാണ്. റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി 02-06-2023-ന് മാത്രമാണ് വർക്ക് അവാർഡ് ചെയ്തത്. അതിൽ മുഴുവൻ പൈലുകളും പൈൽ ക്യാപ്പുകളും രണ്ട് പിയറുകളുടെയും ഒരു പിയർ ക്യാപ്പിന്റെയും നിർമ്മാണ പ്രവർത്തനമാണ് റെയിൽവേ പൂർത്തീകരിച്ചിട്ടുള്ളത്. മൂന്ന് സ്പാനിന്റെ സൂപ്പർ സ്ട്രക്ച്ചർ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 2025 ജനവരി

രണ്ടാം വാരത്തോടുകൂടി ഗർഡർ ഇറക്ഷൻ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് റെയിൽവേ അറിയിച്ചിരിക്കുന്നത്. റെയിൽവേ സ്പാനിന്റെ സൂപ്പർസ്ട്രക്ച്ചറിന്റെ നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമെ റെയിൽവേ സ്പാനിന്റെ തൊട്ടടുത്തുള്ള സ്പാനുകൾ നിർമ്മിക്കാവുവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. റെയിൽവേ സ്പാനിന്റെ ഗർഡറുകളുടെ ഇറക്ഷൻ പൂർത്തിയാക്കിയാൽ മാത്രമെ ആർ.ബി.ഡി.സി.കെ.-ക്ക് റെയിൽവേ സ്പാനിന്റെ ഇരുവശത്തുമുള്ള രണ്ട് സ്പാനുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. പ്രവൃത്തി വേഗത്തിലാക്കണമെന്ന് പല തവണ ആർ.ബി.ഡി.സി.കെ. റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ചില മേൽപ്പാലങ്ങൾ റെയിൽവേയുടെ ഭാഗത്തെ പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസംമൂലം വൈകുന്ന സാഹചര്യമുണ്ട്. ലെവൽ ക്രോസില്ലാത്ത കേരളമെന്ന നമ്മുടെ സ്വപ്ന പദ്ധതിക്ക് ചില തടസ്സങ്ങൾ റെയിൽവേയുടെ ഭാഗത്തുണ്ട്. ഏതൊക്കെ തരത്തിലുള്ള തടസ്സങ്ങളും പ്രതിസന്ധികളും വന്നാലും അതിനെയെല്ലാം തട്ടിമാറ്റി ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ മുന്നോട്ടുപോകുകതന്നെ ചെയ്യും. കേരളം ഭരിക്കുന്നത് എൽ.ഡി.എഫ്. സർക്കാരാണ് എന്നുള്ളതുതന്നെയാണ് അതിന്റെ പ്രധാന

വിഷയം. ആ നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാട്ടിയ വിഷയം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തി ഇതുമായി ബന്ധപ്പെട്ടൊരു യോഗം വിളിച്ചുചേർത്ത് മുന്നോട്ടുപോകുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

(15) <u>ചെറുകോൽപ്പുഴ-മണിയാർ റോഡ് നിർമ്മാണം</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, റാന്നി നിയോജകമണ്ഡലത്തിലെ സുപ്രധാന പാതയായ ചെറുകോൽപ്പുഴ-റാന്നി റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി അനുവദിച്ച 54.61 കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തനം അതിവേഗമാരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ശബരിമലയിലേയ്ക്ക് തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന ഈ പവിത്ര പാത, ഒരു കാലഘട്ടത്തെതന്നെ പ്രകാശിതമാക്കിയ മാരാമൺ കൺവൻഷൻ, ആഗോളഖ്യാതി നേടിയ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത് എന്നീ തീർത്ഥാടന കേന്ദ്രങ്ങളെയും കേരളത്തിലെ ഏക കഥകളി ഗ്രാമമായ അയിരൂരിനെയും പുരാതനമായ ക്നാനായ വലിയപള്ളി, രാമേശ്വരം, പുതിയകാവ് ക്ഷേത്രങ്ങൾ എന്നീ ആരാധനാകേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന പിൽഗ്രിം സർക്യൂട്ട് കൂടിയാണ്. ജനങ്ങളുടെ ചിരകാല ആവശ്യത്തെയും

അതിനായി എം.എൽ.എ. എന്ന നിലയിൽ നടത്തിയ നിരന്തര പ്രവർത്തനത്തെയും മാനിച്ചുകൊണ്ട് വലിയ അംഗീകാരമായിരുന്നു 2022 മാർച്ച് 20-ന് സംസ്ഥാന സർക്കാരും കിഫ്ബിയും 54.61 കോടി രൂപ ഈ പദ്ധതിക്ക് അനുവദിച്ചുകൊണ്ട് എടുത്ത തീരുമാനം. റാന്നി, കോഴഞ്ചേരി സമാന്തര പാതകൂടിയായ ഈ റോഡിന്റെ നിർമ്മാണം ഇത്രയും കാലമായിട്ടും ആരംഭിക്കാൻ കഴിഞ്ഞില്ല. ഇന്ന് ഈ റോഡ് പൂർണ്ണമായി തകർന്ന നിലയിലാണ്. നിർമ്മാണം ആരംഭിക്കാത്തതിൽ ജനങ്ങൾക്ക് ഏറെ ആശങ്കയുമുണ്ട്. റോഡിന്റെ വീതി 13.6 മീറ്ററെന്നും 10.5 മീറ്ററെന്നും വ്യത്യസ്തങ്ങളായ അഭിപ്രായം ജനങ്ങൾക്കിടയിൽനിന്നും ഇതിനിടയിൽ ഉയർന്നുവരികയും ചെയ്തു. റാന്നി നിയോജകമണ്ഡലത്തിലെ റോഡുകളെ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കാൻ വിലപ്പെട്ട പിന്തുണ നൽകുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടിയന്തര ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണമെന്നും അതിദീർഘമായ കാലതാമസം പരിഹരിച്ച് ശബരിമല തീർത്ഥാടനത്തിൽ ഏറെ പ്രാധാന്യമുള്ള ഈ പാതയുടെ

നിർമ്മാണം അതിവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ ശ്രീ. പ്രമോദ് നാരായൺ വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന റാന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചെറുകോൽപ്പുഴ-മണിയാർ റോഡ് നവീകരിക്കുന്നതിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 40 കി.മീ. നീളമുള്ള റോഡിന് എട്ട് സ്ട്രച്ചുകളാണ് നിലവിലുള്ളത്. അതിൽ ഒന്നാമത്തെ സ്ട്രച്ചായ ചെറുകോൽപ്പുഴ-റാന്നി റോഡ് പ്രവൃത്തി ഫേസ്-1 ആയി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിൽ അമ്പത്തിനാല് കോടി അറുപത്തിയൊന്ന് ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 20-03-2022-ന് കിഫ്ബിയിൽനിന്ന് നൽകുകയും ചെയ്തിട്ടുണ്ട്. അതിവിടെ അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ റോഡിന്റെ മൊത്തം നീളം 8.75 കി.മീ. ആണ്. സാമ്പത്തികാനുമതി ലഭിക്കുന്ന സമയത്ത് 13.6 മീറ്റർ വീതിയായിരുന്നു. ഭൂമിയേറ്റെടുത്ത് പദ്ധതി

നടപ്പിലാക്കാനായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ ഭൂമിയേറ്റെടുക്കൽ വലിയ നഷ്ടമുണ്ടാക്കുമെന്ന പരാതികളുടെ അടിസ്ഥാനത്തിൽ വീണ്ടും ട്രാഫിക് സർവ്വെ നടത്താൻ തീരുമാനിച്ചു. റിവൈസ്ഡ് ട്രാഫിക് സർവ്വെ ഡാറ്റ പരിശോധിച്ചതിനെ തുടർന്ന് വീതി 10.5 മീറ്ററായി മാറ്റാൻ തീരുമാനമെടുത്തു. ഭൂമി സൗജന്യമായി ഏറ്റെടുക്കുകയും ആവശ്യത്തിനനുസൃതമായി സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ പദ്ധതി പുനരാവിഷ്കരിച്ചിരിക്കുന്നത്. ഈ പ്രവൃത്തിയുടെ പ്രൊജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് നാറ്റ്പാക്ക് സമർപ്പിച്ചിട്ടുണ്ട്. അതിനനുസൃതമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാട്ടിയപോലെ അത് വേഗത്തിലാക്കാനുള്ള എല്ലാ ഇടപെടലുകളും നടത്തും. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. എന്നിവയിൽനിന്നും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പദ്ധതിയിലെ പെരുനാട്, കണ്ണോലുമൺ, പുതുക്കട, എരുവാറ്റുപുഴ, മണിയാർ, മാമ്പ്ര പെരുനാട്, കാവനാൽ, പേഴുംമ്പാറ എന്നീ

സ്വിച്ചുകളുടെ ഡി.പി.ആർ. ഫേസ്-2 ആയി നടപ്പിലാക്കുന്നതിനാണ് തീരുമാനം. ഇട്ടിയപ്പാറ, ബംഗ്ലാക്കടവ്, കല്ല്യാണിമുക്ക്, അലിമുക്ക്, ജണ്ടായിക്കൽ, അത്തിക്കയം, പൂനംകര, തോണിക്കടവ് എന്നീ സ്വിച്ചുകൾ ഫേസ്-3 ആയും നടപ്പിലാക്കാൻ ആലോചിക്കുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. തുടർച്ചയായി ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അവിടത്തെ നാടിന്റെ ഒരു പ്രധാന പ്രശ്നമാണിത്. പ്രത്യേകിച്ച് ആ പദ്ധതിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടിയതിനാൽ എല്ലാ നിലയിലുമുള്ള ഇടപെടലും പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നുള്ളത് ഈ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

## (16) നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം

ശ്രീ. പി. കെ. ബഷീർ: സർ, 2015-ലാണ് കോഴിക്കോട്-നാട്ടുകാണി റോഡിന്റെ പ്രവൃത്തിയാരംഭിച്ചത്. 90 കിലോമീറ്റർ ദൂരത്തിൽ ഏഴ് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡിന്റെ നവീകരണം 454 കോടി രൂപയുടെ ഒരു പ്രോജക്ടായിരുന്നു. റോഡ് നവീകരണത്തിന്റെ 30 ശതമാനത്തോളം കഴിഞ്ഞതിനുശേഷം പ്രവൃത്തി നിർത്തിവച്ചു. അതിന്റെ

ഫണ്ടും വെട്ടിക്കുറച്ചു. ഒൻപത് വർഷമായി ഒരു പ്രവൃത്തിയും നടക്കുന്നില്ല. ഏറ്റവുമധികം വാഹനങ്ങൾ പോകുന്ന ഒരു റൂട്ടാണിത്. അതായത് കോഴിക്കോട് നിന്ന് കൊണ്ടോട്ടി, മഞ്ചേരി, ഇടവണ്ണ, മമ്പാട്, നിലമ്പൂർ, എടക്കര, വഴിക്കടവ്, നാട്ടുകാണി വരെ നീളുന്നതാണ് പ്രസ്തുത റോഡ്. നാട്ടുകാണിയിൽനിന്ന് വഴിക്കടവ് വരെയും ഇതിന്റെ അവസാനം വരുന്ന പരപ്പനങ്ങാടിയിലും പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ ബാക്കി ഭാഗങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കിട്ടില്ലെന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. 260 കോടി രൂപയുടെ ഫണ്ടും വെട്ടിക്കുറച്ചു. ഞാൻ പ്രസ്തുത വിഷയത്തിന്മേൽ സബ്മിഷൻ അവതരിപ്പിക്കുന്നത് രണ്ടാമത്തെ തവണയാണ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ തവണ പോസിറ്റീവായ ഒരു മറുപടിയാണ് നൽകിയത്. ഏഴ് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായി ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ട് ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാമെന്നായിരുന്നു അത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോടും ശക്തനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും പറയാനുള്ളത്, ഈ റോഡ് റീടാർ ചെയ്ത് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്ക് സുഗമമായും കടന്നുപോകാനുമുള്ള

സൗകര്യമൊരുക്കണം. എത്ര വാഹനങ്ങളാണ് അതുവഴി കടന്നുപോകുന്നതെന്ന് അറിയാമല്ലോ. സർക്കാരിന് റോഡ് നവീകരണത്തിന് ധാരാളം പദ്ധതികളുണ്ടെന്ന് പറയുന്നുണ്ട്. ഇതിന് ഫണ്ടും ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് കനിഞ്ഞാൽ ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും. ഇതിനുവേണ്ടി ദിവസവും സമരം ചെയ്യാനാകില്ല. ചക്രസമരം പോലുള്ള സമരങ്ങൾ നടത്തിയിട്ട് കാര്യമില്ല. ഇതിനൊരു പരിഹാരം കാണണം. പ്ലാൻ ഫണ്ടിൽനിന്നോ മറ്റേതെങ്കിലും ഫണ്ടുപയോഗിച്ചോ ഈ സീസണിലെങ്കിലും പ്രസ്തുത റോഡിന്റെ നവീകരണത്തിനുള്ള നടപടി സ്വീകരിക്കണം. മേൽപറഞ്ഞ റോഡിലെല്ലാം കുണ്ടുംകുഴിയുമാണ്. മൺസൂൺ കഴിഞ്ഞാൽ നവംബർ മാസത്തിൽ ടെൻഡർ നടപടികൾ ആരംഭിച്ച് റോഡിന്റെ നവീകരണപ്രവൃത്തി പുനരാരംഭിക്കാനും പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ 7 നിയോജകമണ്ഡലങ്ങളിലൂടെ

കടന്നുപോകുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ശ്രീ. പി. കെ. ബഷീർ ഉന്നയിച്ചത്. ഇതേ വിഷയം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ പുനരുദ്ധാരണത്തിന് 2016-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പരിപാലന കാലാവധിയിലുൾപ്പെട്ട റോഡുകളുടെ നവീകരണംകൂടി ഈ പദ്ധതിയിലുൾപ്പെട്ടു. ഡി.എൽ.പി. (ഡിഫക്ട്സ് ലയബിലിറ്റി പിരീഡ്)-യിലുള്ള റോഡുകളുടെ നവീകരണം ആവശ്യമില്ലെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ വിലയിരുത്തിയതിനെത്തുടർന്ന് 39.6 കിലോമീറ്റർ ദൂരത്തിലുള്ള പ്രവൃത്തിയാണ് പൂർത്തിയാക്കിയത്. പിന്നീട് 2021-ൽ നിയമസഭയിലും ഡി.ഐ.സി.സി. (District Infrastructure Co-ordination Committee)-യിലും ബാക്കി റോഡ് നവീകരിക്കണമെന്ന ആവശ്യമുയർന്നു. ഇതേത്തുടർന്ന് പ്രവൃത്തിയിൽനിന്നും ഒഴിവാക്കേണ്ടിവന്ന 66.1 കിലോമീറ്റർ റോഡ് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ബജറ്റ് പ്രൊവിഷനില്ലാത്ത

സാഹചര്യത്തിൽ ഫണ്ട് ലഭ്യതകൂടി പരിഗണിച്ച് അത് പരിശോധിക്കാമെന്നാണ് പൊതുവിൽ ധാരണയായിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. പി. കെ. ബഷീറും 7 നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികളും ഞാനും ചേർന്ന് ഒരു യോഗം വിളിച്ചുചേർത്ത് കാര്യങ്ങൾ ചർച്ച ചെയ്യാം. നിലവിൽ തീരദേശ ഹൈവേയുടെ ഭൂവുടമകൾക്ക് നൽകാനുള്ള ഫണ്ടിന്റെ വിഷയത്തിൽ ശ്രീ. വി. അബ്ദുറഹിമാന്റെ നിർദേശത്തിന്മേൽ ഒരു ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയവും ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

(17) <u>വിശ്വകർമ്മ സമുദായത്തിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേരളത്തിലെ വിശ്വകർമ്മ സമുദായമുൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളി വിഭാഗത്തിന്റെ ദുരിതപൂർണ്ണമായ ജീവിതപ്രയാസങ്ങൾക്ക് പരിഹാരം തേടുന്നതാണ് ഈ സബ്മിഷൻ. എന്റെ നിയോജകമണ്ഡലമുൾപ്പെടുന്ന ആലത്തൂർ താലൂക്കിൽ

മാത്രം പതിനായിരത്തിലധികം വിശ്വകർമ്മ സമുദായത്തിൽപ്പെട്ട കുടുംബങ്ങളുണ്ട്. കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഇവരുടെ പ്രധാന തൊഴിൽമേഖലകൾ സ്വർണ്ണപ്പണി, മരപ്പണി, ഇരുമ്പുപണി, വാർക്കപ്പണി, കരിങ്കൽ ശില്പനിർമ്മാണം എന്നിവയാണ്. ഇവരിൽ ഭൂരിപക്ഷം പേരും വളരെ ദയനീയമായ ജീവിതാവസ്ഥയാണ് നേരിടുന്നത്. അതിനുള്ള പ്രധാന കാരണം കുത്തക കമ്പനികളുടെ കടന്നുവരവിന്റെ ഭാഗമായി വ്യാപിച്ച ആധുനിക യന്ത്രവൽക്കരണവും അതിഥിത്തൊഴിലാളികളുടെ ക്രമാതീതമായ കടന്നുവരവുമാണ്. അതിന്റെ ഭാഗമായി ഉപജീവനത്തിനായി അയൽസംസ്ഥാനങ്ങളിലെ വിവിധ തൊഴിൽ മേഖലകളെ ഇവർ ആശ്രയിക്കുകയാണ്. ഇതിനുള്ള പരിഹാരത്തിനായി സഹകരണ സംഘങ്ങൾ വഴി വായ്പയും കാഡ്കോ (Kerala Artisans Development Corporation) വഴിയുള്ള തൊഴിൽ സാധ്യതാ പദ്ധതികളും പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം ടൂൾകിറ്റുകൾ സൗജന്യമായി ലഭ്യമാക്കുകയും പെൻഷൻ വിതരണം പുനരാരംഭിക്കുകയും ചെയ്യണം. പി.എം.വി.വൈ. (Prime Minister Vishwakarma Yojana) പദ്ധതിയിലെ രജിസ്ട്രേഷനിൽ നിലനിൽക്കുന്ന

സാങ്കേതിക പ്രയാസങ്ങൾ പരിഹരിക്കാൻ സർക്കാർ നേതൃത്വം നൽകണം. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കാൻ കഴിയുന്ന നിലയിൽ ഒ.ഇ.സി. കാറ്റഗറിയിൽ വിശ്വകർമ്മ വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി സഹായിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്തെ പിന്നാക്ക വിഭാഗ പട്ടികയിൽ ക്രമ നമ്പർ 30-ൽ ഉൾപ്പെട്ട സമുദായമാണ് വിശ്വകർമ്മ. 23 ഉപവിഭാഗങ്ങളടങ്ങിയ പാരമ്പര്യ സമുദായമാണ് വിശ്വകർമ്മ. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 60 വയസ്സ് കഴിഞ്ഞ ഒരു ലക്ഷത്തിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള വിശ്വകർമ്മജർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്നുണ്ട്. 30-11-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം 1,600 രൂപയായി പെൻഷൻ തുക വർധിപ്പിച്ചിട്ടുണ്ട്. ഈ പെൻഷൻ നൽകുന്നത് സർക്കാർ നിർത്തിവച്ചിട്ടില്ല. വിശ്വകർമ്മ വിഭാഗത്തിന്റെ

തൊഴിൽശേഷിയും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്താൻ പിന്നാക്കവിഭാഗ വികസന വകുപ്പ് ടൂൾകിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് 20,000 രൂപവരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പയും സഹായവും കൂടി ഉറപ്പുവരുത്തുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള ക്രാഫ്റ്റ് വില്ലേജുകളും ചെറുകിട വ്യവസായ സംരംഭങ്ങളും വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തുന്ന പ്രദർശന വിപണന മേളകളും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമായിട്ടുണ്ട്. വിശ്വകർമ്മജർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ട് ശതമാനവും ഇതര തസ്തികയിൽ മൂന്ന് ശതമാനവും സംവരണം അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിലും എം.ടെക് കോഴ്സുകളിലും 2 ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. മറ്റ് പിന്നാക്ക ഹിന്ദു വിഭാഗത്തിലുൾപ്പെടുത്തി മറ്റ് കോഴ്സുകൾക്കും സംവരണം അനുവദിച്ചുവരുന്നു. ഒരു ലക്ഷത്തിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ളവർക്ക്

സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കും സ്വാശ്രയ എഞ്ചിനീയറിങ് കോഴ്സുകൾക്കും സർക്കാർ കോളേജിലെ നിരക്കിൽ മുഴുവൻ ഫീസിനു പുറമെ ലംപ്സം ഗ്രാന്റും അനുവദിച്ചുനൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തെ കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ടി വിഭാഗം വിദ്യാർത്ഥികൾക്ക് 2.5 ലക്ഷം രൂപ കുടുംബ വാർഷിക വരുമാനപരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യങ്ങളും നൽകിവരുന്നു. ഒ.ബി.സി. വിഭാഗക്കാർക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ടി വിഭാഗക്കാർക്കും ലഭിക്കുന്നുണ്ട്. പി.എം.വി.വൈ. പദ്ധതി പൂർണ്ണമായും കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ഒരു വായ്പാ പദ്ധതിയാണ്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വകുപ്പുകൾക്ക് ഒരു ചുമതലയും നൽകിയിട്ടില്ല. കേന്ദ്രസർക്കാർ ഏജൻസികൾ നേരിട്ടാണ് ഇതിനായുള്ള എൻറോൾമെന്റ് അടക്കമുള്ള നടപടികൾ നടത്തിവരുന്നത്. എൻറോൾമെന്റ് നടപടികളിൽ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ വ്യവസായ വകുപ്പ് മുഖേന ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പി.എം.വി.വൈ.-യിൽ

കരകൗശല വിദഗ്ദർ രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ കാർഡിൽ പിതാവിന്റെ പേര് ഇല്ലെങ്കിലോ മറ്റ് കാരണങ്ങൾ മുഖേനയോ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയാതെവരുമ്പോൾ ആധാർ കാർഡ് പുതുക്കിയതിനുശേഷം അപേക്ഷ നൽകാവുന്നതാണ്. കേരള സംസ്ഥാനത്ത് ജാതി തിരിച്ചുള്ള സെൻസസ് നടത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസിലെ അന്തിമവിധി വരുന്നമുറയ്ക്ക് ജാതി സെൻസസ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതായിരിക്കും.

## (18) <u>പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ്</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യണമെന്നാണ് ഗവൺമെന്റിനോട് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. മാറിമാറിവരുന്ന എല്ലാ ഗവൺമെന്റുകളുടെയും പ്രയോരിറ്റിയിൽ എസ്.സി.-എസ്.ടി. വിഭാഗങ്ങളുണ്ടായിരുന്നു, അതിനാൽ ഈ ഗവൺമെന്റുകളെല്ലാം അവർക്ക്

വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി നൽകിയിട്ടുമുണ്ട്. നിർഭാഗ്യമെന്നുപറയട്ടെ, ഈ ഗവൺമെന്റിന്റെ പ്രയോരിറ്റിയിൽ എസ്.സി.-എസ്.ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങളില്ല. അതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പൻറ്, ഇ-ഗ്രാന്റ്സ് എന്നിവയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ പലരും പഠനം നിർത്തുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ പഠന റിപ്പോർട്ട് അനുസരിച്ച് എസ്.സി.-എസ്.ടി. വിഭാഗത്തിൽ 47 ശതമാനം വിദ്യാർഥികൾ പഠനം നിർത്തിയത് സാമ്പത്തികമില്ലാത്ത പശ്ചാത്തലത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് ഗ്രാന്റും സ്റ്റൈപ്പന്റും സ്കോളർഷിപ്പുകളുമൊക്കെ എന്തുകൊണ്ടാണ് സമയബന്ധിതമായി നൽകാൻ സാധിക്കാത്തത്? ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടിയിൽ 110 കോടി രൂപ കുടിശ്ശികയുണ്ടെന്നാണ് പറഞ്ഞത്. ഹോസ്റ്റലുകളിൽ ഗവൺമെന്റ് പണം അടയ്ക്കാത്തതിനാൽ കുട്ടികളെ

പറഞ്ഞുവിടുന്ന സാഹചര്യമുണ്ടാകുന്നു. അതുമാത്രമല്ല, ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും കുട്ടികൾക്ക് നൽകേണ്ട ഇ-ഗ്രാന്റ്സ് ഗവൺമെന്റ് സമയബന്ധിതമായി നൽകാത്തതിനാൽ കോഴ്സ് കാലാവധി പൂർത്തിയായിട്ടും ടി.സി. നൽകാതെ മാനേജ്മെന്റ് തടഞ്ഞുവച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരത്തിലുള്ള സ്റ്റൈപ്പന്റുകൾ നൽകിയിരുന്നു, ഇപ്പോഴത്തെ സ്ഥിതിയെന്താണ്? എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നില്ല. ഓരോ വർഷം കഴിയുന്തോറും ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന്റെ അവസാന ദിവസം സഭയുടെ മേശപ്പുറത്തുവച്ച സി.&എ.ജി. റിപ്പോർട്ടാണ് എന്റെ കൈവശമുള്ളത്. എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, ടി റിപ്പോർട്ടിൽ എസ്.സി.-എസ്.ടി, മൈനോരിറ്റി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഗുരുതരമായ വീഴ്ച വരുത്തിയെന്നാണ്. അതിനാൽ ടി റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുകയും

എസ്.സി.-എസ്.ടി. വകുപ്പിൽനിന്നും 2017 മുതൽ 2022 വരെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകാത്തതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുകയും വേണം. കൂടാതെ, ഇക്കാര്യത്തിൽ ആരാണ് വീഴ്ച വരുത്തിയതെന്ന് കണ്ടെത്തി അവർക്കെതിരെ നടപടിയെടുക്കണം. ഇക്കാര്യം ഗൗരവമായി കണ്ട് എസ്.സി.-എസ്.ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ. കേളു</u>): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് 2023-24 വരെ പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. 2024-25-ലെ 1 മുതൽ 10 വരെ ക്ലാസുകളിലേക്കുള്ള വിദ്യാർത്ഥികളുടെ സ്റ്റേറ്റ് സ്കോളർഷിപ്പുകളായ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വിതരണം ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും സംസ്ഥാന സർക്കാരാണ്

വരുമാന പരിധി നോക്കാതെ നൽകിവരുന്നത്. എന്നാൽ 9, 10 എന്നീ ക്ലാസുകളിലെ സെൻട്രൽ സ്കോളർഷിപ്പ് വിഹിതം കുട്ടികൾക്ക് ഇനിയും ലഭിച്ചിട്ടില്ല.

2021-22 അധ്യയന വർഷം മുതൽ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (DBT) മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതിനാവശ്യമായ സാങ്കേതിക സഹായം നൽകാൻ കേന്ദ്ര സർക്കാർ വരുത്തിയ കാലതാമസംകാരണം 2021-22 മുതൽ സ്കോളർഷിപ്പ് കുടിശ്ശിക വരാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2023-24 സാമ്പത്തിക വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ പട്ടികജാതി വികസന വകുപ്പ് 512.64 കോടി രൂപയും പട്ടികവർഗ വികസന വകുപ്പ് 69.61 കോടി രൂപ ഈ കുടിശ്ശിക തീർക്കാനായി ചെലവഴിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പട്ടികജാതി-പട്ടികവർഗ വികുപ്പുകളുടെ ബജറ്റ് വിഹിതം (288 കോടി രൂപ) പൂർണ്ണമായും കുടിശ്ശിക വിതരണം

ചെയ്യുന്നതിനായി ഇതിനകം വിനിയോഗിക്കുകയുണ്ടായി. അംഗീകരിച്ച ഇ-ഗ്രാന്റുകളിൽ ഇനി 10% കുടിശ്ശിക കൂടി നൽകാനുണ്ട്. ഇക്കാര്യത്തിൽ കുടിശ്ശിക കൂടാതെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച ഉറപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ സഭയിൽ നൽകിയിട്ടുമുണ്ട്.

പട്ടികജാതി വിഭാഗത്തിൽ പ്രതിവർഷം 362000 കുട്ടികൾക്ക് പ്രീമെട്രിക്ക് സ്കോളർഷിപ്പും 135000 കുട്ടികൾക്ക് പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് ആനുകൂല്യവും നൽകിവരുന്നു. പട്ടികവർഗ വിഭാഗത്തിൽ ശരാശരി 50000 കുട്ടികൾ പോസ്റ്റ്/പ്രീമെട്രിക്ക് സ്കോളർഷിപ്പ് ആനുകൂല്യം സ്വീകരിച്ചുവരുന്നു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും കേന്ദ്ര സർക്കാർ നിർത്തലാക്കി. ആയതുകൂടി സംസ്ഥാന സർക്കാരാണ് നിലവിൽ നൽകിവരുന്നത്.

2024-25 വർഷത്തെ പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് അപേക്ഷകൾക്കായി ഇ-ഗ്രാന്റ്സ് പോർട്ടൽ ഓപ്പൺ ചെയ്തിട്ടില്ല. കേന്ദ്രമന്ത്രാലയം നിഷ്കർഷിക്കുന്ന ബയോമെട്രിക്ക് ഓഥന്റിക്കേഷൻ സംബന്ധിച്ച് സാങ്കേതിക നടപടികൾ പൂർത്തിയാക്കി സൈറ്റ് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത വർഷത്തെ

സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ബയോമെട്രിക്ക് പരിഷ്കരണം ഈ വർഷവും സ്കോളർഷിപ്പ് വിതരണത്തെ ബാധിക്കുന്നുണ്ട്. പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

(19) കോട്ടയം മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1275 കിടക്കകളുള്ള കോട്ടയം മെഡിക്കൽ കോളേജിലെ സി.ടി. സ്കാനിംഗ് മെഷീൻ പ്രവർത്തനം നിലച്ചിട്ട് രണ്ടര മാസമായി. ഇവിടെ ഐ.സി.യു.-വിൽ പ്രവേശിപ്പിക്കുന്ന രോഗികളിൽനിന്നും ദിവസം അഞ്ഞൂറ് രൂപ വീതം ഫീസ് ഈടാക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ തീരുമാനമാണോ അതോ പ്രാദേശികമായ തീരുമാനമാണോയെന്ന് അറിയില്ല. ആരോഗ്യ സുരക്ഷാ പദ്ധതിയനുസരിച്ച് പാവപ്പെട്ട ആളുകൾക്ക് ലഭിക്കേണ്ട ചികിത്സാ ആനുകൂല്യം ഉറപ്പാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അവിടത്തെ വിദ്യാർഥികളുടെ മെൻസ് ഹോസ്റ്റലിൽ കെട്ടിടത്തിന്റെ പാളി ഇടിഞ്ഞുവീണ് താമസിക്കാൻ സാധിക്കാത്ത വളരെ

പരിതാപകരമായ അവസ്ഥയാണ്. അവിടെ ഒരു പുതിയ കെട്ടിടത്തിനായുള്ള ശിപാർശ നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അതിന്റെ ഫയൽ നമ്പർ എന്റെ കൈവശമുണ്ട്. എത്രയുംവേഗം ഹോസ്റ്റലിനായുള്ള പുതിയ കെട്ടിടം നിർമ്മിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷിതമായി പഠിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തണം. മെഡിക്കൽ കോളേജിൽ വിദഗ്ധരായ ഡോക്ടർമാരുണ്ടെങ്കിലും നിരവധി ഒഴിവുകളുണ്ട്. സ്റ്റാഫ് സ്ട്രങ്ത്തനുസരിച്ചുള്ള സാംഗ്ഷൻഡ് സ്ട്രങ്ത്തിലേക്ക് ജീവനക്കാരെ നിയമിക്കുന്നില്ല. അതുകൊണ്ട് പി.എസ്.സി. മുഖാന്തരം നിയമനം നടത്തുകയും അതോടൊപ്പം താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. എങ്കിൽ മാത്രമേ സ്വാഭാവികമായുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതുകൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങൾക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾ അത്യാവശ്യമായി ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പല കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. 1962-ൽ

സ്ഥാപിതമായ കോട്ടയം മെഡിക്കൽ കോളേജിൽ ചരിത്രത്തിൽ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്ന കാലയളവാണിത്. 600 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. 204 കോടി രൂപ മുടക്കി നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്കിൽ 115 കോടി രൂപയുടെ ഉപകരണങ്ങളാണ് സ്ഥാപിക്കുന്നത്. 268 കോടി രൂപ മുടക്കി നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ അതിനനുസരിച്ചുള്ള ഉപകരണങ്ങളും സ്ഥാപിക്കുന്നുണ്ട്. 36.5 കോടി രൂപയ്ക്ക് പുതിയ കാർഡിയോളജിയുടെ രണ്ടാം ഘട്ടം, 10.5 കോടി രൂപയുടെ Institute of Infectious Diseases എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സി.ടി. സ്കാൻ മെഷീന്റെ കാര്യത്തിൽ, രണ്ട് സി.ടി. സ്കാൻ മെഷീനുകളാണ് അവിടെയുണ്ടായിരുന്നത്. കാഷ്വാലിറ്റിയുള്ള മെഷീന് Comprehensive Annual Maintenance Contract (CAMC) ഉണ്ട്, അത് കൃത്യമായി പരിപാലിക്കുന്നതുമായിരുന്നു. എന്നാൽ ഒരു ദിവസം നൂറ്റിയിരുപതോളം സ്കാനിംഗ് നടത്തിയിരുന്ന മെഷീന്റെ ഏറ്റവും പ്രധാനഭാഗമായ gantry-യിലാണ് ഗുരുതരമായ തകരാറുണ്ടായത്. രണ്ട്

പുതിയ സി.ടി. സ്കാൻ മെഷീൻ അനുവദിച്ചിട്ടുണ്ട്, അതുകൂടാതെ തകരാറായ മെഷീന്റെ ഭാഗം പരിഹരിക്കുന്നതിനായി വിദേശത്തുനിന്നും ഇറക്കുമതിചെയ്ത ഭാഗം പത്താം തീയതി ഇന്ത്യയിലെത്തിയിട്ടുണ്ട്, അത് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഓങ്കോളജിയിൽ നിലവിലുള്ള സ്കാനിംഗ് മെഷീന്റെ പ്രവർത്തനം കൂടാതെ 4.5 കോടി രൂപ മുടക്കിൽ പുതിയ 32 slice C.T scan മെഷീൻ ഓങ്കോളജി വിഭാഗത്തോടുചേർന്ന കെട്ടിടത്തിൽ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ട് 17.5 കോടി രൂപ മുതൽമുടക്കിൽ ഏറ്റവും ആധുനികമായ 256 slice CT scan മെഷീൻ പുതിയതായി പണികഴിപ്പിച്ച സർജിക്കൽ ബ്ലോക്കിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ, ഗൈനക്കോളജിയുൾപ്പെടെയുള്ള പല വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഏഴെട്ടുവർഷങ്ങളായി കേസ് നിലനിൽക്കുകയായിരുന്നു. അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും പ്രൊമോഷൻ നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നസമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട

കോടതിയുടെയും അനുവാദത്തോടെ പ്രൊവിഷണൽ പ്രൊമോഷൻ നൽകുകയും അതിലൂടെ എൻട്രി കേഡറിൽ ധാരാളം ഒഴിവുകളുണ്ടാകുകയും ചെയ്തു. കേസുകളില്ലാത്ത എല്ലാ വിഭാഗങ്ങളിലും നിയമനം നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഡോക്ടർമാരെയും സാങ്കേതിക വിദഗ്ധരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ലഭിക്കാറില്ല. അതുകൊണ്ടാണ് ആരോഗ്യ വകുപ്പിൽ exemption ഉള്ളത്, എന്നിരുന്നാലും പരാമവധി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എടുക്കുന്നുണ്ട്. അവിടെനിന്നും ലഭിക്കാൻ ബുദ്ധിമുട്ടുള്ള വിഭാഗങ്ങളിലേക്ക് NHM മാനദണ്ഡമനുസരിച്ച് ടെസ്റ്റുകൾ മുഖാന്തരം നിയമനം നടത്തുന്നുണ്ട്.

## (20) ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ ആരോഗ്യമേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്ന വിഭാഗമാണ് ആശാവർക്കർമാർ. കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിൽ മുഴുവൻ വീടുകളെയും കേന്ദ്രീകരിച്ചുകൊണ്ട് ആശാവർക്കർമാർ നിർവഹിക്കുന്ന നിസ്തുലമായ സേവനത്തിന്റെകൂടി ഫലമാണ് ലോകോത്തരനിലവാരത്തിലേക്ക് കേരളത്തിന്റെ ആരോഗ്യമേഖല

അംഗീകരിക്കാനിടയായത്. ഇന്ന് ആശാവർക്കർമാർ മുഴുവൻ സമയപ്രവർത്തനമാണ് നിർവഹിക്കുന്നത്, പ്രത്യേകിച്ച് പാലിയേറ്റീവ് പ്രവർത്തനങ്ങൾ. എന്നാൽ അവരുടെ സേവനം കണക്കാക്കുമ്പോൾ വേതനം വളരെ തുച്ഛമാണ്. ആയതിനാൽ ആശാവർക്കർമാരുടെ ഓണറേറിയം പതിനയ്യായിരം രൂപയായി വർധിപ്പിക്കണം. ഇന്ന് കേരളത്തിലെ ആശാവർക്കർമാരുടെ ശരാശരി പ്രായം 45 വയസ്സാണ്. സർവീസിലിരിക്കെ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്നതുപോലെ കണ്ണട വാങ്ങിക്കുന്നതിനുള്ള തുക ആശാവർക്കർമാർക്കും നൽകണം. ആശാവർക്കർമാർക്ക് അവരുടെ വാർഡിൽത്തന്നെ സേവനം ലഭ്യമാക്കണം. മറ്റ് ജോലികൾ ആശാവർക്കർമാരെക്കൊണ്ട് ചെയ്യിപ്പിക്കുന്നത് ഒഴിവാക്കണം. ആശാവർക്കർമാരുടെ പെൻഷൻപ്രായം വർധിപ്പിക്കുകയും സ്വയം വിരമിക്കാനുള്ള അവസരം നൽകുകയും ചെയ്യണം. ആർദ്രം മിഷന്റെ ഭാഗമായി മുപ്പത് വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗനിർണയ പദ്ധതിയായ 'ശൈലി ആപ്പ്' ചെയ്യുന്നതിനുള്ള

സമയം ദീർഘിപ്പിക്കണം. ശൈലി സർവെ നടക്കുന്ന സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭിക്കാത്ത പ്രയാസമുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ആശാവർക്കർമാർ ചെയ്തുതരുന്ന മറ്റ് ജോലികൾക്കുള്ള ഇൻസെന്റീവ് സമയബന്ധിതമായി വിതരണം ചെയ്യണമെന്നതാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2016-ൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആശാവർക്കർമാരുടെ ഓണറേറിയം 1000 രൂപയായിരുന്നു. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ 7000 രൂപയാണ് ഓണറേറിയമായി അവർക്കിപ്പോൾ നൽകുന്നത്. ആശമാരുടെ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. കാരണം, മുഖ്യമന്ത്രി തലത്തിലും മന്ത്രിതലത്തിലും സെക്രട്ടറിയേറ്റ് തലത്തിലുമെടുക്കുന്ന തീരുമാനങ്ങൾ ഫീൽഡ് തലത്തിൽ ഒട്ടും ചോർന്നുപോകാതെ നടപ്പിലാക്കുന്നത് നമ്മുടെ ആശാവർക്കർമാരാണെന്നുള്ളത് കാണേണ്ടതായിട്ടുണ്ട്. സമയപരിമിതിമൂലം ഇവിടെ സൂചിപ്പിച്ച എല്ലാ വിഷയങ്ങളും വിശദീകരിക്കുന്നില്ല. അതിലൊന്ന് SHAILI APP സർവെയുടെ

കാര്യമാണ്. അതിന് കഴിഞ്ഞ തവണ ഒരാൾക്ക് അഞ്ച് രൂപവിധം ഇൻസെന്റീവായി കൊടുത്തിരുന്നു. ഈ വർഷവും നമുക്ക് കേന്ദ്ര സർക്കാരിന്റെ ആവശ്യമായിട്ടുള്ള സപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽപ്പോലും സംസ്ഥാന സർക്കാരിന്റെ NCD ഫണ്ടുകളിൽനിന്നൊക്കെ കണ്ടെത്തി കൊടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. അത് നൽകാൻ സാധിക്കുന്നതാണ്. കഴിഞ്ഞ മാസം ബഹുമാന്യനായ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സന്ദർശനം നടത്തിയതിന്റെ ഭാഗമായി ഇക്കാര്യം പ്രധാനമായി ഉന്നയിച്ചിരുന്നു. ആശാവർക്കർമാർക്ക് കേന്ദ്രം നൽകുന്ന സപ്പോർട്ടും ഇൻസെന്റീവ്സും വർധിപ്പിക്കണമെന്ന് സൂചിപ്പിച്ചിരുന്നു. അത് കേരളത്തിന്റെ പൊതുവായ ആവശ്യമായി ഉന്നയിച്ചു. ആദ്യത്തെ ആവശ്യമായ All India Institutes of Medical Sciences (AIMS) കഴിഞ്ഞ് രണ്ടാമത്തെ ആവശ്യമായിട്ട് ഇത് ഉന്നയിക്കുകയുണ്ടായി. അത് അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് സൂചിപ്പിച്ചത്. തൊഴിൽ/പ്രവർത്തനം സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ തീരുമാനങ്ങൾ വകുപ്പുകൾ തമ്മിലെടുത്തിട്ടുണ്ട്.

അതിനനുസരിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്. മറ്റുകാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ള വിഷയങ്ങളാണ്.